# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി12/857/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 25/06/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി12/857/2022 തീയ്യതി: 25/06/2022

## കണ്ണൂർ ജില്ലയിലെ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-06-2021 മുതൽ 26-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 60 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സാബു പി എസ് | ഡെപ്യൂട്ടി ഡയറക്ടർ | 27-05-2022 | 07-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 27-05-2022 | 07-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.സിന്ധു.ടി.പി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)

2.ഗണേശൻ കേളോത്ത്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

3.പ്രമോദ്.കെ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സജി പി ആന്റണി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി.സുനിജ ബാലകൃഷ്ണൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.ഹരിദാസ് കെ വി | സെക്രട്ടറി | 01-04-2020 | 30-06-2020 |
| ശ്രീ.പ്രകാശൻ എ വി | സെക്രട്ടറി | 01-07-2020 | 11-03-2021 |
| ശ്രീ.രാജസുന്ദരൻ പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-03-2021 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഗണേശൻ എം ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-05-2020 |
| ശ്രീ.രുപേഷ്.ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-06-2020 | 22-10-2020 |
| ശ്രീമതി.നിമിഷ വി പി | അസിസ്റ്റന്റ് എഞ്ചിനീയർ | 23-10-2020 | 31-03-2021 |
| ശ്രീമതി.നിഷ ജോസ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.മുഹമ്മദ് ബഷീർ | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ.ജയപ്രകാശ് പി കെ | വി ഇ ഒ, കുവേരി സർക്കിൾ | 01-04-2020 | 03-09-2020 |
| ശ്രീ.റിനീഷ് കുമാർ എം | വി ഇ ഒ , കുവേരി സർക്കിൾ | 20-10-2020 | 31-03-2021 |
| ശ്രീമതി ദിവ്യ ടി വി | വി ഇ ഒ ,തടിക്കടവ് സർക്കിൾ | 01-04-2020 | 31-03-2021 |
| ശ്രീമതി ഹസീന.വി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.അരുൺ ശങ്കർ . യു | മെഡിക്കൽ ഓഫീസർ, പിഎച്ച്സി | 01-04-2020 | 31-03-2021 |
| ഡോ.അനുപമ | മെഡിക്കൽ ഓഫീസർ,ആയുർവേദ | 01-04-2020 | 31-03-2021 |
| ശ്രീ. ജനാർദ്ദനൻ എൻ വി | ഹെഡ്മാസ്റ്റർ | 01-04-2020 | 31-05-2020 |
| ശ്രീമതി .റഷീദ കെ കെ | ഹെഡ്മിസ്ട്രസ് | 01-06-2020 | 31-03-2021 |
| ശ്രീമതി.മംഗള കെ എൽ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 15-06-2020 |
| ശ്രീ.രാജസുന്ദരൻ.പി | അസിസ്റ്റന്റ് സെക്രട്ടറി | 17-06-2020 | 31-03-2021 |
| ശ്രീമതി. ദീപ ജോസ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ. രജീഷ് ടി.കെ | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

12.11.2020 മുതൽ 20.12.2020 വരെ അസിസ്റ്റന്റ് എഞ്ചിനീയർ, കൃഷി ഓഫീസർ, സെക്രട്ടറി എന്നിവരടങ്ങിയ ഭരണ നിർവ്വഹണ സമിതിയാണ് നിലവിലുണ്ടായിരുന്നത്. 21.12.2020 ന് പുതിയ ഭരണ സമിതി നിലവിൽ വന്നു. വി ഇ ഒ, കുവേരി സർക്കിൾ 04.09.2020 മുതൽ 19.10.2020 വരെ ഒഴിവ്. അസിസ്റ്റന്റ് സെക്രട്ടറി 16.06.2020 ന് ഒഴിവ്

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sindhu T P (Audit Officer, On 08-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 22-06-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Sindhu T P (Audit Officer, On 08-06-2022)<br>Last Updated By: Sindhu T P (Audit Officer, On 08-06-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ<br>Written By: Sindhu T P (Audit Officer, On 08-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം(റസീറ്റ് &പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)<br>Written By: Sindhu T P (Audit Officer, On 08-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 22-06-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Sindhu T P (Audit Officer, On 08-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Sindhu T P (Audit Officer, On 08-06-2022)<br>Last Updated By: Sindhu T P (Audit Officer, On 16-06-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sindhu T P (Audit Officer, On 08-06-2022)<br>Last Updated By: Sindhu T P (Audit Officer, On 08-06-2022) | 1-6 |
| 8 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി-മെറ്റീരിയൽ പ്രവൃത്തികൾ<br>Written By: Ganesan Keloth (Asst. Audit Officer, On 11-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-06-2022) | 1-6-1 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Sindhu T P (Audit Officer, On 08-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-06-2022) | 1-7 |
| 10 | പുനരന്വേഷണം നടത്തേണ്ടത് സംബന്ധിച്ച്<br>Written By: Sindhu T P (Audit Officer, On 08-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-06-2022) | 1-7-1 |
| 11 | ക്യാഷ് പരിശോധന<br>Written By: Sindhu T P (Audit Officer, On 08-06-2022)<br>Last Updated By: Sindhu T P (Audit Officer, On 16-06-2022) | 1-8 |
| 12 | ആഭ്യന്തരനിയന്ത്രണം<br>Written By: Sindhu T P (Audit Officer, On 08-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 22-06-2022) | 1-9 |
| 13 | ഗ്രാമസഭ<br>Written By: Sindhu T P (Audit Officer, On 08-06-2022)<br>Last Updated By: Sindhu T P (Audit Officer, On 08-06-2022) | 1-10 |
| 14 | സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിപ്പ് - അപാകങ്ങൾ<br>Written By: Sindhu T P (Audit Officer, On 08-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-06-2022) | 1-11 |
| 15 | തൊഴിൽ നികുതി ഈടാക്കാത്തത്<br>Written By: Pramod K (Auditor, On 07-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 22-06-2022) | 1-12 |
| 16 | വാടക ബൈലോ തയ്യാറാക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Pramod K (Auditor, On 08-06-2022)<br>Last Updated By: Sindhu T P (Audit Officer, On 11-06-2022) | 1-13 |
| 17 | ഒറ്റത്തവണ നികുതി ഒടുക്കവരുത്തിയതിന്റെ രേഖകൾ ഹാജരാക്കാതെ | 1-14 |

| | | |
|---|---|---|
| | കെട്ടിട നമ്പർ അനുവദിച്ചത്- സർക്കാർ ഉത്തരവിനു വിരുദ്ധം<br>Written By: Pramod K (Auditor, On 08-06-2022)<br>Last Updated By: Sindhu T P (Audit Officer, On 11-06-2022) | |
| 18 | സെക്രട്ടറിയുടെ പദ്ധതിയേതര ചെലവുകളിലെ അപാകങ്ങൾ-വിശദീകരണം ലഭ്യമാക്കിയിട്ടില്ല<br>Written By: Sindhu T P (Audit Officer, On 08-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-06-2022) | 1-15 |
| 19 | പ്രവൃത്തനക്ഷമമല്ലാത്തതും നിലവിലില്ലാത്തതുമായ ടാപ്പുകൾക്ക് കുടിവെള്ളക്കരം ഒടുക്കുന്നു- ഗ്രാമപഞ്ചായത്തിന് സാമ്പത്തിക നഷ്ടം<br>Written By: Sindhu T P (Audit Officer, On 08-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-06-2022) | 1-16 |
| 20 | ഭൂനികുതി ഒടുക്കു വരുത്തുന്നില്ല, ആസ്തി സംരക്ഷണ പ്രവർത്തനങ്ങൾ തൃപ്തികരമല്ല<br>Written By: Sindhu T P (Audit Officer, On 09-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 22-06-2022) | 1-17 |
| 21 | ഫോട്ടോസ്റ്റാറ്റ് മെഷീൻ - മുൻകൂറായി തുക നല്കി മാസങ്ങൾ പിന്നിട്ടിട്ടും ഉപകരണം ലഭ്യമായിട്ടില്ല<br>Written By: Sindhu T P (Audit Officer, On 09-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-06-2022) | 1-18 |
| 22 | തെരുവു വിളക്ക് റിപ്പയർ- വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല- 303635 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.<br>Written By: Sindhu T P (Audit Officer, On 09-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 22-06-2022) | 1-19 |
| 23 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം- അപാകങ്ങൾ<br>Written By: Sindhu T P (Audit Officer, On 09-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-06-2022) | 1-20 |
| 24 | ജനറൽ ഫീഡിംഗ്- ഭക്ഷ്യവസ്തുക്കൾ വാങ്ങിയത് - രേഖകൾ കൃത്യമല്ല- 2227658 രൂപയുടെ (184350 + 2043308) ചെലവ് തടസ്സത്തിൽ വെക്കുന്നു<br>Written By: Sindhu T P (Audit Officer, On 08-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-06-2022) | 1-21 |
| 25 | സർക്കാർ ഉത്തരവിന് വിരുദ്ധമായി മെയിന്റനൻസ് ഗ്രാന്റ് റോഡിതരം ഫണ്ട് വിനിയോഗിച്ചു<br>Written By: Ganesan Keloth (Asst. Audit Officer, On 08-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 22-06-2022) | 1-22 |
| 26 | സമൃദ്ധി-സംരംഭങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് നൽകിയതിന്റെ വിവരവും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടും ലഭ്യമാക്കേണ്ടതാണ്.<br>Written By: Ganesan Keloth (Asst. Audit Officer, On 08-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-06-2022) | 1-23 |
| 27 | കുടുംബശ്രീ ഗാർമെന്റ് യൂണിറ്റ്-രേഖകൾ ഹാജരാക്കേണ്ടത്<br>Written By: Ganesan Keloth (Asst. Audit Officer, On 08-06-2022)<br>Last Updated By: Sindhu T P (Audit Officer, On 11-06-2022) | 1-24 |
| 28 | ജനകീയ ഹോട്ടൽ പ്രാവർത്തികമാക്കുന്നതിനുള്ള പ്രോജക്ടുകൾ- വെള്ളക്കരം ഒടുക്കിയതുമായി ബന്ധപ്പെട്ട ബിൽ ഹാജരാക്കിയില്ല- ₹2368 തടസ്സപ്പെടുത്തുന്നു.<br>Written By: Pramod K (Auditor, On 08-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 22-06-2022) | 1-25 |

| | | |
|---|---|---|
| 29 | എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി-രേഖകളുടെ അഭാവത്തിൽ ₹400000തടസ്സപ്പെടുത്തുന്നു.<br>Written By: Pramod K (Auditor, On 08-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-06-2022) | 1-26 |
| 30 | കുടുംബശ്രീ ഓഫീസിൽ മേശ കസേര ഷെൽഫ്- രേഖകളുടെ അഭാവത്തിൽ ₹70030 തടസ്സപ്പെടുത്തുന്നു.<br>Written By: Pramod K (Auditor, On 08-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 22-06-2022) | 1-27 |
| 31 | എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - രേഖകൾ ഹാജരാക്കാത്തത്<br>Written By: Pramod K (Auditor, On 08-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 22-06-2022) | 1-28 |
| 32 | ഉന്നതപഠനത്തിന് ധനസഹായം-പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ.<br>Written By: Pramod K (Auditor, On 08-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-06-2022) | 1-29 |
| 33 | എസ്.ടി.വിദ്യാർത്ഥികൾക്ക് പഠനമുറി- രേഖകളുടെ അഭാവത്തിൽ₹300000 തടസ്സപ്പെടുത്തുന്നു.<br>Written By: Pramod K (Auditor, On 08-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-06-2022) | 1-30 |
| 34 | വിവാഹ ധനസഹായം പട്ടിക വർഗ്ഗം- രേഖകളുടെ അഭാവത്തിൽ₹75000 തടസ്സപ്പെടുത്തുന്നു.<br>Written By: Pramod K (Auditor, On 08-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-06-2022) | 1-31 |
| 35 | വിവാഹ ധനസഹായം പട്ടിക ജാതി-രേഖകളുടെ അഭാവത്തിൽ ₹75000 തടസ്സപ്പെടുത്തുന്നു.<br>Written By: Pramod K (Auditor, On 08-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-06-2022) | 1-32 |
| 36 | വിദ്യാർത്ഥികൾക്ക് മേശ കസേര വിതരണം- പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ.<br>Written By: Pramod K (Auditor, On 08-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-06-2022) | 1-33 |
| 37 | പി.എച്ച്.സി.യ്ക്ക് ആവശ്യമായ ഉപകരണങ്ങൾ ഫർണിച്ചർ-രേഖകളുടെ അഭാവത്തിൽ ₹200000 തടസ്സപ്പെടുത്തുന്നു.<br>Written By: Pramod K (Auditor, On 08-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-06-2022) | 1-34 |
| 38 | ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീസ്-ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Ganesan Keloth (Asst. Audit Officer, On 08-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-06-2022) | 1-35 |
| 39 | മാർക്കറ്റ് റേറ്റിൽ തയ്യാറാക്കിയ ഡാറ്റ പ്രകാരമുള്ള ഇനത്തിന് ജി എസ് ടി കോമ്പൻസേഷൻ അനുവദിച്ചത് - 5575 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.<br>Written By: Ganesan Keloth (Asst. Audit Officer, On 08-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-06-2022) | 1-36 |
| 40 | എസ്.എസ്.എ-പദ്ധതി തയ്യാറാക്കുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ പങ്കാളിത്തം കൂടി ഉറപ്പുവരുത്തേണ്ടതാണ്.<br>Written By: Ganesan Keloth (Asst. Audit Officer, On 08-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-06-2022) | 1-37 |

| | | |
|---|---|---|
| 41 | കുടുംബശ്രീ സ്വയം തൊഴിൽ സംരംഭ കെട്ടിടം(എ ഡി എസ്) പൂർത്തീകരണം-സംരംഭങ്ങൾ തുടങ്ങിയിട്ടില്ല<br>Written By: Ganesan Keloth (Asst. Audit Officer, On 08-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-06-2022) | 1-38 |
| 42 | ടെണ്ടർ Below കുറവ് ചെയ്യാതെ ജി എസ് ടി കോമ്പൻസേഷൻ കണക്കാക്കിയത് കാരണം അധികം തുക നൽകി.- 6400രൂപ തിരിച്ചു പിടിച്ചത് സഞ്ചിതനിധിയിലേക്ക് ഒടുക്കേണ്ടതാണ്.<br>Written By: Ganesan Keloth (Asst. Audit Officer, On 11-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-06-2022) | 1-39 |
| 43 | സാന്ത്വന പരിചരണ പരിപാടി-അപാകങ്ങൾ.<br>Written By: Pramod K (Auditor, On 09-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-06-2022) | 1-40 |
| 44 | പി.എച്ച്.സി.യിൽ ഫർണിച്ചർ ആശുപത്രി ഉപകരണങ്ങൾ വാങ്ങൽ-രേഖകളുടെ അഭാവത്തിൽ ₹222307 തടസ്സപ്പെടുത്തുന്നു.<br>Written By: Pramod K (Auditor, On 08-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-06-2022) | 1-41 |
| 45 | ആരോഗ്യ ജാഗ്രതാ പരിപാടി പകർച്ച വ്യാധി നിയന്ത്രണ പരിപാടി-രേഖകളുടെ അഭാവത്തിൽ ₹54540 തടസ്സപ്പെടുത്തുന്നു.<br>Written By: Pramod K (Auditor, On 08-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-06-2022) | 1-42 |
| 46 | യുനാനി മരുന്ന് വാങ്ങൽ പദ്ധതി -വാങ്ങൽ നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയില്ല- 600000രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു<br>Written By: Pramod K (Auditor, On 08-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-06-2022) | 1-43 |
| 47 | സാന്ത്വന പരിചരണ പരിപാടി-രേഖകളുടെ അഭാവത്തിൽ ₹132800 തടസ്സപ്പെടുത്തുന്നു<br>Written By: Pramod K (Auditor, On 08-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-06-2022) | 1-44 |
| 48 | ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് -പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ.<br>Written By: Pramod K (Auditor, On 08-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-06-2022) | 1-45 |
| 49 | ഹോമിയോ ഡിസ്പെൻസറിക്ക് കമ്പ്യൂട്ടറും,പ്രിന്ററും വാങ്ങൽ-₹50000 തടസ്സപ്പെടുത്തുന്നു.<br>Written By: Pramod K (Auditor, On 08-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-06-2022) | 1-46 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Sindhu T P (Audit Officer, On 05-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-06-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sindhu T P (Audit Officer, On 09-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-06-2022) | 4-2 |

| | | |
|---|---|---|
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sindhu T P (Audit Officer, On 09-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ<br>Written By: Sindhu T P (Audit Officer, On 09-06-2022)<br>Last Updated By: Sindhu T P (Audit Officer, On 09-06-2022) | 4-4 |
| 5 | വായ്പ , വായ്പ തിരിച്ചടവ്<br>Written By: Sindhu T P (Audit Officer, On 09-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-06-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sindhu T P (Audit Officer, On 09-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 25-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sindhu T P (Audit Officer, On 09-06-2022)<br>Last Updated By: Sindhu T P (Audit Officer, On 09-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Sindhu T P (Audit Officer, On 09-06-2022)<br>Last Updated By: Sindhu T P (Audit Officer, On 09-06-2022) | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Sindhu T P (Audit Officer, On 09-06-2022)<br>Last Updated By: Sindhu T P (Audit Officer, On 09-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sindhu T P (Audit Officer, On 11-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരങ്ങൾ<br>Written By: Sindhu T P (Audit Officer, On 09-06-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2020-21സാമ്പത്തിക വർഷത്തെ ബജറ്റ് 25.03.2020 തീയതിയിലെ 44/20 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| | |
|---|---|
| മുന്നിരിപ്പ് | 3,21,02,428 |
| വരവ് | 14,76,00,300 |
| ആകെ | 17,97,02,728 |
| ചെലവ് | 16,65,75,690 |
| നീക്കിയിരിപ്പ് | 1,31,27,038 |

ബജറ്റ് അവതരിപ്പിച്ച മീറ്റിംഗിൽ തന്നെ അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് ചർച്ചകൾ മിനട്സ് ചെയ്യപ്പെട്ടിട്ടില്ല. ജന്റർ ബജറ്റും പെർഫോമൻസ് ബജറ്റും തയ്യാറാക്കിയിട്ടില്ല.

ഘടകസ്ഥാപനങ്ങളുടെ നോൺപ്ലാൻ ഹെഡിനത്തിലുള്ള ബജറ്റ് നിർദ്ദേശങ്ങൾ സ്വീകരിച്ച് ക്രോഡീകരിച്ചതായി മിനട്സ് ചെയ്യപ്പെട്ടിട്ടില്ല. ബജറ്റ് ഫയൽ കൃത്യമായി സൂക്ഷിക്കേണ്ടതും ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് നിശ്ചിത സമയപരിധിക്കകം നിർദ്ദിഷ്ട നടപടിക്രമങ്ങളിലൂടെ കടന്നു പോകാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2020 | 05.07.21 | തിരിച്ചയച്ചിട്ടില്ല |

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14.05.21 തീയതിയിലെ 24/21 നമ്പർ തീരുമാന പ്രകാരമാണ് 2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചത്.

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.ഇഎംഎസ് ഭവന പദ്ധതി വായ്പ തിരിച്ചടവ് 2019-20 സാമ്പത്തിക വർഷം പൂർത്തിയായതാണെങ്കിലും 31.03.21 തീയതിയിലും 379925രൂപ തിരിച്ചടക്കാൻ ബാക്കിയുള്ളതായി ബാലൻസ് ഷീറ്റ് ബി 5 ഷെഡ്യൂളിലും പ്രീ പെയ്ഡ് പ്രോഗ്രാം എക്സ്പെൻഡിച്ചർ എന്ന ഹെഡിൽ ബി 16 ഷെഡ്യൂളിലും രേഖപ്പെടുത്തിയിട്ടുണ്ട്.

2.വിവിധ ആവശ്യങ്ങൾക്കായി സംസ്ഥാന സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭ്യമായ പ്രത്യേകോദ്ദേശ്യ ഗ്രാന്റുകളിൽ അതാത് ആവശ്യങ്ങൾ നിർവ്വഹിച്ച ശേഷം ബാക്കിയായ തുക നാളിതു വരെ തിരിച്ചടച്ചിട്ടില്ല. (ബി 4 ഷെഡ്യൂൾ പ്രകാരമുള്ള ആയുർവേദാശുപത്രി മെയിന്റനൻസ് -11772രൂ, എസ് എസ് എ 32822രൂപ മുതലായവ)

3. 2016-17 സാമ്പത്തിക വർഷം മുതൽ നീക്കിയിരിപ്പായി തുടരുന്ന ആശ്രയ ഫണ്ടിനത്തിലുള്ള 258480രൂപയുടെ നിജസ്ഥിതി വ്യക്തമാക്കപ്പെട്ടിട്ടില്ല. തുക ചെലവഴിച്ചതാണോ എന്ന് പരിശോധിച്ച് അനുബന്ധ രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

4.അഗതി രഹിത കേരളം പദ്ധതിക്കായി ഓഡിറ്റ് വർഷം ലഭിച്ച 845380രൂപ ബി 18 ഷെഡ്യൂളിൽ ക്രമീകരിക്കാൻ ബാക്കിയുള്ള മുൻകൂറായും ബി 4 ഷെഡ്യൂളിൽ ബാധ്യതയായും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുക 2020-21 സാമ്പത്തിക വർഷം ആശ്രയ ചലഞ്ച് ഫണ്ടിലേക്ക് നല്കിയിട്ടുണ്ട്. അക്കൗണ്ടിംഗ് അപാകത്തിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

5.ഡെപ്പോസിറ്റ് രജിസ്റ്റർ , അഡ്വാൻസ് രജിസ്റ്റർ, വായ്പ രജിസ്റ്റർ ഇവ പൂർണ്ണമല്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ മുൻബാക്കിയുള്ള തുക തീയതിയുടെ അടിസ്ഥാനത്തിൽ രേഖപ്പെടുത്താതെ തുക തിരിച്ചു കിട്ടുന്നതിനായുള്ള അപേക്ഷ ലഭിക്കുമ്പോൾ പഴയ റസീറ്റ് നമ്പറുകൾ രേഖപ്പെടുത്തി ക്ലോസ് ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. അതുകൊണ്ടുതന്നെ തിരിച്ചു നല്കിയ തുക ആധികാരികമാണോ എന്ന് പരിശോധിക്കാൻ കഴിയുന്നില്ല. 2011-12 മുതലുള്ള തുക തിരികെ നല്കിയതിൽ ഉൾപ്പെടുന്നു.

6. ബി 9 ഷെഡ്യൂളിൽ അദർക്രെഡിറ്റേഴ്സ് എന്ന കണക്കിനത്തിൽ രേഖപ്പെടുത്തിയ 10154രൂപ ബിറ്റുമിൻ വാങ്ങിയ ഇനത്തിൽ വന്നതാണെന്ന് ലെഡ്ജറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തിരികെ ലഭിച്ച തുകയാണെങ്കിൽ അതാത്

ഹെഡിലേക്ക് തിരിച്ചടച്ച് ബാധ്യത ഒഴിവാക്കേണ്ടതാണ്.

7.അദർ ലയബിലിറ്റീസ് എന്ന കണക്കിനത്തിൽ ബി 9 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ 103102രൂപ ഏതിനത്തിലുള്ളതാണെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല.

8.ആസ്തിമൂല്യം കണക്കാക്കിയതിന് അടിസ്ഥാനമാക്കിയ രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

9.ഡിപ്രീസിയേഷൻ- കാൽക്കുലേഷൻ ഷീറ്റ് ഹാജരാക്കിയിട്ടില്ല.

10.കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് - വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

11.ബി 9 ഷെഡ്യൂളിൽ വിവിധ ഇനങ്ങളിലെ അഡ്വാൻസ് കലക്ഷനായി രേഖപ്പെടുത്തിയ തുകയുടെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

12.ബി 18 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. മുൻകൂർ രജിസ്റ്ററിൽ പ്രസ്തുത ഇനങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

13.2019-20 സാമ്പത്തിക വർഷം ബി 1 ഷെഡ്യൂളിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയ എക്സസ് ഓഫ് ഇൻകം ഓവർ എക്സ്പെന്റിച്ചർ ഹെഡിലെ തുകയും (17809826രൂപ) 2020-21 സാമ്പത്തിക വർഷം മുന്നിരിപ്പായി ചേർത്ത തുകയും (19113885രൂപ)തമ്മിൽ പൊരുത്തപ്പെടുന്നില്ല.

14.എസ് ബി ഐ ഇ പേമെന്റ് അക്കൗണ്ടിൽ 31.03.21 തീയതിയിൽ 903108രൂപ നീക്കിയിരിപ്പുണ്ട്. പ്രസ്തുത അക്കൗണ്ടിൽ നിന്നും തുക സേവിംഗ്സ് അക്കൗണ്ടിലേക്ക് മാറ്റാതിരിക്കുന്നത് പലിശ നഷ്ടത്തിന് ഇടയാക്കുന്നുണ്ട്.

15.ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വിവിധ വർഷങ്ങളിലായി ലഭിച്ചതിൽ നീക്കിയിരിപ്പുള്ള തുകയുടെ വിശദാംശങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പൂർണ്ണമല്ല.

16. കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിച്ച തുകയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പൂർണ്ണമല്ല. ഐസിഡിഎസ് -കേന്ദ്രവിഹിതമായി ലഭിച്ച തുകയുടെ വിവരങ്ങൾ മാത്രമാണ് ലഭ്യമാക്കിയത്.

17.അടിസ്ഥാന അനുപാതങ്ങൾ , അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 1/29.05.22 ന് നല്കിയ മറുപടിയിൽ എല്ലാ അപാകങ്ങൾക്കുമുള്ള വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം(റസീറ്റ് &പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 37352795 |
| വരവ് | 120149125 |
| ആകെ | 157501920 |
| ചെലവ് | 133984813 |
| നീക്കിയിരിപ്പ് | 23517107 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം-ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | ₹4718913 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | /ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 19416375 | 19416375 | 19416375 | 0 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 2945250 | 2945250 | 2783688 | 161562 |
| വികസന ഫണ്ട്-ടി എസ് . പി | 0 | 810000 | 810000 | 799012 | 10988 |
| മെയിന്റനൻസ്, റോഡ് | 0 | 41607000 | 41607000 | 41560644 | 46356 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 5529000 | 5529000 | 4224705 | 1304295 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 0 | 17047863 | 17047863 | 14114756 | 2933107 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ബേസിക്ക് | 0 | 7560000 | 7560000 | 3103551 | 4456449 |
| എസ് എസ് എ | 31530 | 1292 | 32822 | 0 | 32822 |
| ഐ സി ഡി എസ് കേന്ദ്രവിഹിതം | 803915 | 1333044 | 2136959 | 1711566 | 425393 |
| ശുചിത്വമിഷൻ ഗ്രാന്റ്-സോളിഡ് വേസ്റ്റ് മാനേജ് മെന്റ് | 12697 | 0 | 12697 | 0 | 12697 |
| എം പി എൽ എ ഡി | 5316 | 145 | 5461 | 0 | 5461 |
| സോഷ്യൽവെൽഫെയർ ഡിപ്പാർട്ട്മെന്റ്(ബേബിഫ്രൻഡ്ലി ടോയ്ലറ്റ്, അങ്കണവാടി കുടിവെള്ള പദ്ധതി) | 44000 | 0 | 44000 | 0 | 44000 |
| ആയുർവേദ വകുപ്പ് | 11772 | 0 | 11772 | 0 | 11772 |
| വിമുക്തി, ഗ്രീഷ്മോത്സവം Etc | 53490 | 0 | 53490 | 0 | 53490 |
| ആശ്രയ | 258480 | 0 | 258480 | 0 | 258480 |
| ശുചിത്വമിഷൻ | 881714 | 3186845 | 4068559 | 2741531 | 1327028 |
| ഹെൽത്ത് മിഷൻ അവാർഡ് | 7393 | 0 | 7393 | 0 | 7393 |
| ടി എസ് സി- ഒ ഡി എഫ് | 900000 | 0 | 900000 | 308207 | 591793 |
| അഗതിരഹിത കേരളം , ചലഞ്ച് ഫണ്ട് മുതലായവ | 479053 | 846691 | 1325744 | 0 | 1325744 |
| കെ എസ് എഫ് ഇ | 0 | 380000 | 380000 | 380000 | 0 |
| എൻ ആർ ഇ ജി എസ് | 7627 | 40754827 | 40762454 | 40761454 | 1000 |

കേന്ദ്രസംസ്ഥാന സർക്കാരുകളിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിച്ച തുകകളുമായി ബന്ധപ്പെട്ട വരവ് ചെലവുകൾ സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്ററിന്റെ അഭാവത്തിൽ വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന തുക മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് യഥാസമയം വിനിയോഗിക്കാനും വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക തിരിച്ചടക്കാനും ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാന്റ് വിനിയോഗ പത്രിക

ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 335 | 179634833 | 255 | 103035186 | 24 | 80 | 231 | 69 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള കണക്കുകൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതിച്ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 5101350 | 3009977 | 59 |
| വെറ്റിനറി സർജൻ | 9 | 9 | 1693500 | 864632 | 51 |
| മെഡിക്കൽ ഓഫീസർ-പിഎച്ച്സി | 14 | 12 | 4510234 | 4021636 | 89.2 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ-ആയുർവേദ | 1 | 1 | 660500 | 660500 | 100 |
| വി ഇ ഒ | 29 | 23 | 40909179 | 10553726 | 25.8 |
| ഐസിഡിഎസ് സൂപ്പർവൈസർ | 10 | 5 | 9322583 | 5956999 | 63.87 |
| സെക്രട്ടറി | 34 | 20 | 10207419 | 5831127 | 57.1 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 208 | 159 | 98227748 | 66954321 | 68.16 |
| ഹെഡ്മാസ്റ്റർ | 4 | 1 | 1280000 | 900000 | 70.3 |
| അസിസ്റ്റന്റ് സെക്രട്ടറി | 16 | 15 | 3041120 | 2486718 | 81.76 |
| എസ് ഐ ഫിഷറീസ് | 1 | 1 | 3075000 | 189350 | 6 |
| ഡെയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1606200 | 1606200 | 100 |
| ആകെ | 335 | 255 | 179634833 | 103035186 | 57.36 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 7627 | 1188486 | 1196113 | 1195113 | 1000 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 39566341 | 39566341 | 39566341 | |
| ആകെ | 7627 | 40754827 | 40762454 | 40761454 | 1000 |

## 1-6-1 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-മെറ്റീരിയൽ പ്രവൃത്തികൾ

31.03.12 ലെ സ ഉ (കൈ) 93/2012/തസ്വഭവ ഉത്തരവ് പ്രകാരമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന നിർമ്മാണ പ്രവൃത്തികൾക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങേണ്ടതെന്ന് 15.12.17 ലെ സ ഉ (കൈ)നം 254/17/തസ്വഭവ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ നിർമ്മാണ പ്രവൃത്തികളുടെ കാര്യത്തിൽ പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങളും വ്യവസ്ഥകളും നടപടിക്രമങ്ങളും പാലിക്കപ്പെട്ടിട്ടില്ല.വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1.ജി എസ് ടി - ടിഡിഎസ് കുറവ് ചെയ്യാതെ മെറ്റീരിയൽ സപ്ലൈ കരാറുകാർക്ക് തുക നൽകുന്നത് ക്രമപ്രകാരമല്ല .

2017 ലെ ജി.എസ്.ടി നിയമം വകുപ്പ് 51 പ്രകാരം രണ്ടര ലക്ഷം രൂപയ്ക്ക് തുല്യമോ അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ / വ്യാപാരിയിൽ നിന്ന് 2% തുക ജി എസ് ടി ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് ജി എസ് ടി വകുപ്പിൽ ഒടുക്ക് വരുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. .

തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ 30.7.2019 ലെ 957/ ഇ ജി എസ് - സി /16/ആർ ഇ ജി എസ് നമ്പർ സർക്കുലർ പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ സാമ്പത്തിക ഇടപാടുകൾ ഓൺലൈനായി നടത്തുന്ന എം ഐ എസി ൽ ജി എസ് റ്റി ഉറവിടത്തിൽ തന്നെ കുറവ് ചെയ്യുന്നതിന് നിലവിൽ സൗകര്യമേർപ്പെടുത്തിയിട്ടില്ലാത്തതിനാൽ ജി എസ് റ്റി - റ്റി ഡി എസ് തുക വെണ്ടർ/ സപ്ലൈയർ നേരിട്ട് ഗ്രാമപഞ്ചായത്തിൽ ഒടുക്കുമെന്ന് ഉറപ്പ് വരുത്തിയാണ് ബിൽ തുക അനുവദിക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയുടെ മെറ്റീരിയൽ പ്രവൃത്തികളിൽ 2,50,000/-രൂപയോ അതിന് മുകളിലോ വരുന്ന പ്രവൃത്തികൾക്ക് തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ മേൽ സൂചിപ്പിച്ച സർക്കുലർ പ്രകാരം വെണ്ടർ/സപ്ലൈയർമാരിൽ നിന്ന് അന്തിമ ബിൽ പ്രകാരമുള്ള ജി എസ് ടി തുക ഗ്രാമപഞ്ചായത്തിൽ ഒടുക്കുവരുത്താതെയാണ് ബിൽ തുക അനുവദിച്ചത്. അന്തിമ ബിൽ പ്രകാരമുള്ള ജി എസ് ടി തുക ഗ്രാമപഞ്ചായത്തിൽ ഒടുക്കുവരുത്താതെ വെണ്ടർ/ സപ്ലൈയർമാർക്ക് തുക അനുവദിച്ചത് ക്രമപ്രകാരമല്ല.ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമനം | പദ്ധതിയുടെ പേര് | കരാറുകാരന്റെ പേര് | സാധനങ്ങൾ വാങ്ങിയതിന് നൽകിയ തുക |
|---|---|---|---|
| 1 | പെരുമലാബാദ് തിരുങ്കളം റോഡിന് ഓവുചാൽ നിർമ്മാണം-സാധന സാമഗ്രികൾ വിതരണം | മനോഹരൻ കെ | 323652 |
| 3 | വായാട്ടുപ്പറമ്പ എസ് സി കോളനി റോഡ് കോൺക്രീറ്റ് – സാധന സാമഗ്രികൾ വിതരണം | മനോഹരൻ കെ | 378294 |
| 4 | ഇടക്കോം താഴെ റോഡിന് ഓവുച്ചാൽ നിർമ്മാണം-സാധന സാമഗ്രികൾ വിതരണം | മനോഹരൻ കെ | 303626 |

കരാറുകാരിൽ നിന്നും ജി എസ് ടി ഈടാക്കേണ്ടതും തുക ജി എസ് ടി വകുപ്പിൽ ഒടുക്കുവരുത്തേണ്ടതുമാണ്.

2.സർക്കാർ നിശ്ചയിച്ച നിരക്കിലുള്ള മുദ്രപത്രത്തിൽ കരാറിലേർപ്പെടുന്നില്ല .സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ സർക്കാരിന് വരുമാനനഷ്ടം .

കേരള ഫിനാൻസ് ആക്ട്, 2018 പ്രകാരം 1-4-2018 മുതൽ മരാമത്ത് പ്രവൃത്തികൾക്കും, സേവനങ്ങൾക്കുമുള്ള എഗ്രിമെന്റുകൾക്ക് പ്രത്യേക സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് ഏർപ്പെടുത്തുകയും 1959 ലെ കേരള സ്റ്റാമ്പ് ആക്ടിൽ ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. മരാമത്ത് പ്രവൃത്തികൾക്കും, സേവനങ്ങൾക്കുമുള്ള എഗ്രിമെന്റുകളുടെ സ്റ്റാമ്പ് ഡ്യൂട്ടി ഓരോ 1000/- രൂപയ്ക്കും 1/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. കുറഞ്ഞത് 200/- രൂപയും പരമാവധി 1 ലക്ഷം രൂപയുമായി സ്റ്റാമ്പ് ഡ്യൂട്ടി നിജപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിലെ മെറ്റീരിയൽ പ്രവൃത്തികളിലെ രണ്ട് ലക്ഷത്തിൽ രൂപയിലധികമുള്ള എല്ലാ കരാറുകളും 200/ രൂപയുടെ മുദ്രപത്രത്തിലാണ് ചമച്ചിട്ടുള്ളത്.

| ക്രമനം | പദ്ധതിയുടെ പേര് | കരാറുകാരന്റെ പേര് | കരാർ തുക | സ്റ്റാമ്പ് പേപ്പർ തുക |
|---|---|---|---|---|
| 1 | പെരുമലാബാദ് തിരുങ്കളം റോഡിന് ഓവുച്ചാൽ നിർമ്മാണം-സാധന സാമഗ്രികൾ വിതരണം | മനോഹരൻ കെ | 328915(1.6% Below Estimate Rate) | 200 |

| | | | | |
|---|---|---|---|---|
| 2 | ഇടക്കോം താഴെ റോഡിന് ഓവുച്ചാൽ നിർമ്മാണം-സാധന സാമഗ്രികൾ വിതരണം | മനോഹരൻ കെ | 315370 (1.5% Below Estimate Rate) | 200 |
| 3 | വായാട്ടുപ്പറമ്പ എസ് സി കോളനി റോഡ് കോൺക്രീറ്റ് -സാധന സാമഗ്രികൾ വിതരണം | മനോഹരൻ കെ | 392599 (1.25% Below Estimate Rate) | 200 |

സർക്കാർ നിശ്ചയിച്ച നിരക്കിലുള്ള മുദ്രപത്രത്തിൽ കരാറിലേർപ്പെടാതിരുന്നത് മൂലം സംസ്ഥാനസർക്കാരിന് സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ ലഭിക്കേണ്ട തുകയിൽ നഷ്ടമുണ്ടായിട്ടുണ്ട്.

5)മെറ്റിരീയൽ പ്രവൃത്തികളുടെ പർച്ചേസ് ബില്ലുകൾ സാക്ഷ്യപ്പെടുത്തി പാസാക്കാതെ തുക അനുവദിക്കുന്നത് ക്രമപ്രകാരമല്ല .

1.മെറ്റീരിയൽ തുക അനുവദിക്കുന്നതിന് മുൻപ് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ പർച്ചേസ് ബില്ലുകൾ പരിശോധിച്ച് തുക പാസാക്കിയതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല.മെറ്റിരീയൽ പ്രവൃത്തികളുടെ പർച്ചേസ് ബില്ലുകൾ സാക്ഷ്യപ്പെടുത്തി പാസാക്കാതെ തുക അനുവദിക്കുന്നത് ക്രമപ്രകാരമല്ല.മെറ്റിരിയൽ പ്രവൃത്തികളുടെ പർച്ചേസ് ബില്ലുകൾ പരിശോധിച്ച് ആധികാരികതയും കൃത്യതയും ഉറപ്പ് വരുത്തിയിട്ടില്ല.

2.മെറ്റീരിയൽ പ്രവൃത്തികളുടെ പർച്ചേസ് ബില്ലുകളായി സമർപ്പിച്ചിട്ടുള്ളത് സാധനങ്ങൾ വാങ്ങിയ സ്ഥാപനത്തിൽ നിന്നും ലഭ്യമായ ജി എസ് ടി ബില്ലുകളല്ല. പകരം കരാറുകാരൻ തയ്യാറാക്കിയ ബിൽ വൗച്ചറുകളാണ്.
6)സാധനങ്ങളുടെ ആവശ്യകത നിർണ്ണയിച്ച് ഒരുമിച്ച് ടെണ്ടർ ചെയ്യുന്നില്ല
സാധനങ്ങളുടെ ആവശ്യകത നിർണ്ണയിച്ച് ഒരുമിച്ച് ടെണ്ടർ ക്ഷണിക്കാതെ ഓരോ പ്രവൃത്തിക്കും വേണ്ടിവരുന്ന സാധനങ്ങൾക്കായി പ്രത്യേകമായി ടെണ്ടർ ക്ഷണിക്കുകയും ഇ ടെണ്ടർ നടപടിക്രമങ്ങൾ ഒഴിവാക്കുകയും ചെയ്യുന്നത് ശരിയായ രീതിയല്ല. സാധനങ്ങൾ വിതരണം ചെയ്യുന്ന മുറക്ക് സ്റ്റാക്ക് ചെയ്ത് അളവുകൾ രേഖപ്പെടുത്താത്തതും അപാകമാണ്.

7)തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായുള്ള പൊതു ആസ്തികളുടെ നിർമ്മാണം - ഗ്രാമപഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി അപ്ഡേറ്റ് ചെയ്യേ ണ്ടതാണ്.

മഹാത്മഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായുള്ള പൊതു ആസ്തികളുടെ നിർമ്മാണവിവരങ്ങൾ ഗ്രാമപഞ്ചായത്ത് ആസ്തിരജിസ്റ്ററിൽ(സചിത്ര സോഫ്റ്റ് വെയറിൽ) രേഖപ്പെടുത്തി കാലികമാക്കിയിട്ടില്ല. 2020-21 വർഷം ഗ്രാമപഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതി മുഖേന സൃഷ്ടിച്ച ആസ്തികളുടെ ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനം | പ്രവൃത്തിയുടെ പേര് | ചെലവായ തുക |
|---|---|---|
| 1 | വായാട്ടുപറമ്പ എസ് സി കോളനി റോഡ് കോൺക്രീറ്റിംഗ് | 477098 |
| 2 | ഞണ്ടമ്പലം തേറണ്ടി ശ്മശാനം റോഡ് സോളിംഗ് | 175338 |

മഹാത്മഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായുള്ള പൊതു ആസ്തികളുടെ നിർമ്മാണവിവരങ്ങൾ ഗ്രാമപഞ്ചായത്ത് ആസ്തിരജിസ്റ്ററിൽ(സചിത്ര സോഫ്റ്റ് വെയറിൽ) രേഖപ്പെടുത്തി കാലികമാക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 34,800 | 50 |
| കർഷകതൊഴിലാളി പെൻഷൻ | 74,43,200 | 517 |
| വിധവാപെൻഷൻ | 2,06,88,500 | 1377 |
| വാർദ്ധക്യകാലപെൻഷൻ | 3,57,91,500 | 2733 |

| | | |
|---|---|---|
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 53,25,000 | 369 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 5,42,300 | 42 |

സേവന സോഫ്റ്റ് വെയർ ആപ്ലിക്കേഷനിലെ ആക്ടീവ് പെൻഷനേഴ്സ് ലിസ്റ്റ് അടിസ്ഥാനമാക്കി തയ്യാറാക്കിയത്.

## 1-7-1 പുനരന്വേഷണം നടത്തേണ്ടത് സംബന്ധിച്ച്

1.തൊഴിൽ രഹിത വേതനം

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം 50 ഗുണഭോക്താക്കൾക്കാണ് തൊഴിൽ രഹിത വേതനം വിതരണം ചെയ്തത്. പ്രസ്തുത ഗുണഭോക്താക്കളുടെ വരുമാന സർട്ടിഫിക്കറ്റ്,പുനരന്വേഷണ റിപ്പോർട്ട് എന്നിവ ഹാജരാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 22/04.06.22 ന് മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. സർക്കാർ നിർദ്ദേശ പ്രകാരമുള്ള പുനരന്വേഷണം നടത്തി അനർഹരെ ഒഴിവാക്കേണ്ടതാണ്.

2.ക്ഷേമപെൻഷനുകൾ

വിവിധ സർവ്വീസ് പെൻഷൻ അല്ലെങ്കിൽ ഫാമിലി പെൻഷൻ കൈപ്പറ്റുന്നവർ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നതു സംബന്ധിച്ച പുനരന്വേഷണം നടത്തേണ്ടതും അനർഹമായ കാലയളവിൽ കൈപ്പറ്റിയ പെൻഷൻ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് തിരിച്ചടക്കേണ്ടതുമാണ്.

മരണപ്പെട്ട ഗുണഭോക്താക്കളെ യഥാസമയം സസ്പെന്റ് ചെയ്യുന്നതിൽ വീഴ്ച്ച സംഭവിക്കുന്നുണ്ടെന്നാണ് ആധാർ നമ്പർ മുഖേന ഏതാനും അപേക്ഷകൾ പരിശോധിച്ചപ്പോൾ മനസ്സിലായത്. ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്ന മരണങ്ങളുടെ കാര്യത്തിൽ അപേക്ഷകൾ പരിശോധിച്ച് പെൻഷൻ ഗുണഭോക്താവാണോ എന്ന് പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ ബന്ധപ്പെട്ട സെക്ഷന് നിർദ്ദേശം നല്കേണ്ടതും നാളിതു വരെ അനർഹമായി കൈമാറിയ തുക തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

അങ്കണവാടി വർക്കർമാരുടെയും ആശാ വർക്കർമാരുടെയും ജനപ്രതിനിധികളുടെയും സഹകരണത്തോടെ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ശേഖരിക്കേണ്ടതും ഇത്തരത്തിലുള്ള മുഴുവൻ ഗുണഭോക്താക്കളെയും ഡാറ്റാബേസിൽ നിന്ന് ഒഴിവാക്കി മരണപ്പെട്ടതിനു ശേഷം കൈമാറിയ തുക സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് തിരിച്ചടക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.05.22 ന് രാവിലെ 11.45 മണിക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1840 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം തൃപ്തികരമല്ല. രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ് കുറച്ചു കൂടി കാര്യക്ഷമമാക്കേണ്ടതുണ്ട്. രജിസ്റ്ററുകളിൽ പേജ് സർട്ടിഫിക്കേഷൻ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. സ്റ്റോക്ക് & സ്റ്റോർ സംബന്ധിച്ച കൃത്യമായ കണക്കുകൾ സൂക്ഷിക്കാത്തത് ഗുരുതരമായ അപാകമാണ്. സാമ്പത്തിക മൂല്യമുള്ള ടെണ്ടർ ഫോറം പോലുള്ള സ്റ്റേഷനറികളുടെ കാര്യത്തിൽ പോലും കൃത്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. വിവിധ ഏജൻസികളിൽ നിന്ന് ലഭിക്കുന്ന ഫണ്ടുകളുടെ വരവും വിനിയോഗവും നിരീക്ഷിക്കുന്നതിനുള്ള ഫലപ്രദമായ സംവിധാനം ഉണ്ടാകേണ്ടതുണ്ട്.

ഐസിഡിഎസ് സൂപ്പർവൈസർ ഫയലുകൾ ഓഡിറ്റിൽ ഹാജരാക്കുന്നതിലും സ്റ്റോക്ക് വിതരണ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നതിലും വീഴ്ച്ച വരുത്തിയിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് രേഖകൾ കൃത്യമായി സൂക്ഷിക്കുന്നതിനും പരിശോധനക്കായി യഥാസമയം ഹാജരാക്കുന്നതിനുമുള്ള നിർദ്ദേശം നല്കേണ്ടതിലേക്കായി വിഷയം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു. വിതരണം ചെയ്യപ്പെടുന്ന സാധനങ്ങൾ യഥാർത്ഥ ഗുണഭോക്താക്കൾക്ക് ഉപയോഗപ്പെടുന്നുണ്ട് എന്ന വിലയിരുത്തലും ഉണ്ടാകേണ്ടതുണ്ട്.

പദ്ധതി മോണിറ്ററിംഗ് നടത്തുന്നതിലും വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകളിൽ മോണിറ്ററിംഗ് സമിതി രൂപീകരിക്കുകയോ പദ്ധതി അവലോകനം നടത്തുകയോ ചെയ്തതായി രേഖകളില്ല. ഗ്രാമപഞ്ചായത്ത് വാഹനത്തിന്റെ മൈലേജ് ടെസ്റ്റ് നടത്താത്തതും ഇന്ധന ഉപയോഗം നിരീക്ഷിക്കപ്പെടാത്തതും അപാകമാണ്.

ഐസിഡിഎസ് സൂപ്പർവൈസർ -രേഖകൾ സൂക്ഷിക്കുന്നതിലും പരിശോധനക്കായി ഹാജരാക്കുന്നതിലും ഗുരുതരവീഴ്ച്ച

C6/2020-21 തീയതി 27.05.22 പ്രകാരം 2020-21 സാമ്പത്തിക വർഷത്തെ മുഴുവൻ ചെലവു രേഖകളും രജിസ്റ്ററുകളും 30.05.2022 തീയതിക്കു മുമ്പായി ഹാജരാക്കുന്നതിനായി ഓഡിറ്റ് റിക്വിസിഷൻ നല്കിയിരുന്നുവെങ്കിലും 04.06.2022

തീയതിയിൽ സ്കോളർഷിപ്പ് , ഫർണ്ണിച്ചർ വാങ്ങൽ എന്നീ പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകൾ മാത്രമാണ് ഹാജരാക്കിയത്. അങ്കണവാടി പോഷകാഹാര പദ്ധതിക്കായി 42 ലക്ഷം രൂപ പ്രോജക്ട് നമ്പർ 134/21 ന വേണ്ടിയും 547305 രൂപ പ്രോജക്ട് നമ്പർ 293/21 ന വേണ്ടിയും ചെലവു ചെയ്തുമായി ബന്ധപ്പെട്ട രേഖകൾ (ഭാഗികമായി) ഹാജരാക്കിയത് ഓഡിറ്റ് അവസാനിക്കുന്ന തീയതിയായ 07.06.2022 ന് ഉച്ചയ്ക്ക് ശേഷം മാത്രമാണ്. സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. ചില പേജുകളിൽ വർക്കർമാർ പേരെഴുതി ഒപ്പിടുക മാത്രമാണ് ചെയ്തിട്ടുള്ളത്. കൈപ്പറ്റിയ സാധനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്താതെ അക്വിറ്റൻസ് നല്കിയത് ഗുരുതരമായ അപാകമാണ്.

കൃത്യമായ സ്റ്റോക്ക് വിതരണ രേഖകളുടെ അഭാവവും രേഖകൾ ഹാജരാക്കുന്നതിൽ വരുത്തിയ കാലതാമസവും പരിശോധനയ്ക്ക് തടസ്സം സൃഷ്ടിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിലേക്കും മോണിറ്ററിംഗ് സംവിധാനം ഫലപ്രദമാക്കേണ്ടതിലേക്കുമായി വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു.

## 1-10 ഗ്രാമസഭ

കോവിഡ് പശ്ചാത്തലത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ 18 വാർഡുകളിലും ഒരു തവണ മാത്രമാണ് ഗ്രാമസഭകൾ സമ്മേളിച്ചിട്ടുള്ളത്. പ്രസ്തുത ഗ്രാമസഭയിൽ വിവിധ പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്കൽ , ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ , ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തുടങ്ങിയ വിഷയങ്ങൾ അജണ്ടകളായി ഉൾപ്പെടുത്തിയിട്ടുണ്ട്.
ഗ്രാമസഭാതീരുമാനങ്ങൾ ഗ്രാമസഭകളിൽ പങ്കെടുത്ത പതിനഞ്ചു പേർ സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിപ്പ് - അപാകങ്ങൾ

1.ഗ്രാമപഞ്ചായത്തിൽ എല്ലാതരം വാങ്ങലുകളും രേഖപ്പെടുത്തുന്നത് ഒരു സ്റ്റോക്ക് രജിസ്റ്ററിലാണ്.ബുക്ക്&ഫോംസ്, ഫർണ്ണിച്ചർ, ടൂൾസ് & പ്ലാന്റ്സ് തുടങ്ങി എല്ലാ ഇനങ്ങളും ഇടകലർത്തി ഒരു രജിസ്റ്ററിൽ തന്നെ രേഖപ്പെടുത്തുന്നത് ശരിയായ രീതിയല്ല. പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും ഓരോ ഇനത്തിനും പ്രത്യേകം പേജുകൾ നല്കി വിതരണ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്.വാർഷിക സ്റ്റോക്ക് പരിശോധന നടത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ തുടർന്നുള്ള വാങ്ങലുകൾ ക്രമീകരിക്കേണ്ടതുമാണ്.
2. സാമ്പത്തിക മൂല്യമുള്ളതും ദുരുപയോഗ സാധ്യതയുള്ളതുമായ ഫോറങ്ങൾ എന്ന നിലയിൽ ടെണ്ടർ ഫോറങ്ങൾ വളരെ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യേണ്ടവയാണെങ്കിലും ഗ്രാമപഞ്ചായത്തിൽ മുകളിൽ സൂചിപ്പിച്ച സ്റ്റോക്ക് രജിസ്റ്ററിൽ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും ലഭിക്കുന്ന സാധനങ്ങൾ രേഖപ്പെടുത്തുന്ന കൂട്ടത്തിൽ രേഖപ്പെടുത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. ടെണ്ടർ ഫോറം സെയിൽ രജിസ്റ്റർ പ്രത്യേകമായി സൂക്ഷിക്കാത്തതും അപാകമാണ്.
6.02.21 തീയതിയിൽ വാങ്ങിയ 300 ടെണ്ടർ ഫോറങ്ങൾ സ്റ്റോക്ക് രജിസ്റ്റർ പേജ് 119 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വിതരണ വിവരങ്ങൾ പ്രത്യേകം കാണിച്ചിട്ടില്ല. 2/2020 ൽ വന്ന 100 ടെണ്ടർ ഫോറങ്ങൾ മറ്റൊരു പേജിൽ ചേർത്തിട്ടുണ്ട്.ആയതിന്റെയും വിതരണ വിവരങ്ങൾ ചേർത്തിട്ടില്ല. ഇതിനു പുറമേ ഫോട്ടോകോപ്പി എടുത്തും ടെണ്ടർ ഫോറങ്ങൾ ഉപയോഗിക്കുന്നുണ്ട്. ആയതും സ്റ്റോക്കിലെടുക്കുന്നില്ല. ഓഡിറ്റ് തീയതിയിൽ നീക്കിയിരിപ്പുള്ള ഫോറങ്ങളുടെ ഭൗതിക പരിശോധന നടത്തി റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതും ചെയ്തിട്ടില്ല.
3. കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ എന്നിവക്കായി ഫിനാൻസ് (ഇൻഫർമേഷൻ ടെക്നോളജി സോഫ്റ്റ്‌വെയർ) വകുപ്പിന്റെ 24.09.2010 ലെ സർക്കുലർ നം. 86/2010/ഫിൻ പ്രകാരമുള്ള പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്. പ്രവർത്തനക്ഷമമല്ലാത്തവയുടെ വിവരങ്ങൾ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.
സ്റ്റോക്ക് വിതരണ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതും വാർഷിക സ്റ്റോക്ക് ബാലൻസ് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 1-12 തൊഴിൽ നികുതി ഈടാക്കാത്തത്

ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതിയുടെയും, എഫ്.ടി.ഇ.&ഒ.എസ് ലൈസൻസിന്റെയും രജിസ്റ്ററുകളും അപേക്ഷകളുംപരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

(1) ഗ്രാമ പഞ്ചായത്ത് പരിധിയിൽ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയിരുന്ന ചുവടെ കൊടുത്തിരിക്കുന്ന കോൺട്രാക്ടർമാരിൽ നിന്നും 2020-21 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1.രാജുജോസഫ്. 2.അനിൽകുമാർ.പി.വി. 3.എം.ഫാറൂഖ്. 4.മനു.ടി. 5.നാരായണൻ കുട്ടി. 6.കുഞ്ഞിമൊയ്തീൻ. 7.ബാബു.കെ.

8.ജോജോമാത്യു. 9.കെ.സുബൈർ. 10.സണ്ണിജോസഫ്. 11.ഷൈജു.കെ.എം. 12.റെന്നിമോൻ.എ.എൽ. 13.രാജു.സെബാസ്റ്റ്യൻ.14.ബിനു ആറ്റുപുറത്ത്.

(2) എഫ്.ടി.ഇ&ഒ.എസ് ലൈസൻസ് എടുത്ത ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് 2020-21 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നം | സ്ഥാപനത്തിന്റെ/ഉടമസ്ഥന്റെ പേര് | വാർഡ് നം/കെട്ടിട നം | ഉപയോഗ ക്രമം | ജോലി ചെയ്യുന്ന വരുടെ എണ്ണം അപേക്ഷ യിൽ രേഖപ്പെടു ത്തിയത് |
|---|---|---|---|---|
| 9 | പി,വി.പ്രദീപൻ. | 15/30 എ | ഇന്റർലോക്ക് നിർമ്മാണം | 5 |
| 14 | ബിജു.മാത്യു. | 13/516.എ,ബി. സി,ഡി,ഇ. | സ്റ്റീൽ, ബിൽഡിംഗ് മെറ്റീരിയൽ ,പെയിന്റ് സ്റ്റോക്ക് ചെയ്ത് വിൽപ്പന. | 3 |
| 15 | ദിനേഷ്.ഐ.വി.പി. | 16/361 എൽ. | തയ്യൽ സ്ഥാപനം. | 8 |
| 19 | ബിജു ദേവസ്യ. | 13/531എഫ്. | ഓട്ടോമൊബൈൽ വർക്ക് ഷോപ്പ് | 6 |
| 23 | കക്കോട്ടകത്ത് വളപ്പിലെ പുരയിൽ ഫൈസൽ മുതൽ പേർ | 14/395 | റോളിംഗ് ഷട്ടർ നിർമ്മാണം. | 3 |
| 30 | അബ്ദുൾ റഹീം. സി.എച്ച് | 14/38എ | സോയിൽ ബ്രിക്സ് നിർമ്മാണം. | 3 |
| 41 | ടിജോ.വി.എ | 8/567ബി. | സോപ്പ്,ഡിറ്റർജന്റ് നിർമ്മാണം. | 3 |
| 48 | മുഹമ്മദ് റഫീഖ്. കെ.എ | 1 | കരിങ്കല്ല് ഖനനം നടത്തുന്നതിന് | 4 |
| 49 | കെ.എം.അബ്ദുള്ള കുഞ്ഞി. | 11/514എ | ടാർ മിക്സിംഗ് യൂണിറ്റ് | 4 |
| 99 | പി.സുധ സുരേഷ്. | 8/174 | കരിങ്കല്ല്പൊടിച്ച് വിൽപ്പന നടത്തുന്നതിന് | 5 |

| | | | | |
|---|---|---|---|---|
| 100 | മാനേജിംഗ്പാർട്ണർ മലബാർ ഫ്യൂവൽ കോർപ്പറേഷൻ | 14/355മുതൽ 361 വരെ | മലബാർ ഫ്യൂവൽ കോർപ്പറേഷൻ | 10 |
| 102 | പ്ലാക്കാൽ ഷിജി .മുതൽ പേർ | 13/525 കെ | റൂഫിംഗ് ഷീറ്റ് കമ്പി വിൽപ്പന. | 5 |
| 125 | ജിജേഷ്.പി.ജെ | 13/654 | ഈർച്ച മിൽ | 4 |
| 126 | കെ.ഇ.ജമാൽ. | 14/387 | സീലിംഗ് ബോർഡ് നിർമ്മാണം. | 10 |
| 150 | രാജേഷ് മാത്യു | 7/389 ബി. | പെട്രോൾ പമ്പ് | 9 |
| 170 | ബിന്ദു കുനത്തറ വീട്ടിൽ | 11/567 ഇ. | എൽ.പി.ജി.സ്റ്റൗ അനുബന്ധ സാധനങ്ങളുടെ വിൽപ്പന. | 3 |
| 225 | സി.മുഹമ്മദലി. | 14/347 | ക്രഷർ | 4 |
| 385 | ലീലാമ്മ സെബാസ്റ്റ്യൻ. | 8/376ബി | തേങ്ങ.തേൻ എന്നിവയുടെ സംഭരണവും, വിൽപ്പനയും. | 5 |
| 506 | അബ്ദുൾ ഷുക്കൂർ. എസ്.പി. | 16/476 | ഈർച്ചമിൽ | 5 |

(3) വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.22/2020-21 തീയ്യതി-4.6.2022) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ഡിമാന്റ് നോട്ടീസ് നല്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഡിമാന്റ് നോട്ടീസ് നല്കിയിട്ടുണ്ടെങ്കിൽ ചട്ടപ്രകാരമുള്ള പിഴ സഹിതം , തൊഴിൽ നികുതി വിധേയരായ മുഴുവൻ പേരിൽ നിന്നും ആയത് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 വാടക ബൈലോ തയ്യാറാക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബൈലോ തയ്യാറാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പെരുമ്പടവ്,ഒടുവള്ളിത്തട്ട് ഷോപ്പിംഗ് കോംപ്ലക്സുകളിൽ 23 മുറികൾ ഉള്ളതിൽ 3 എണ്ണം ആയുഷ് പ്രാഥമികാരോഗ്യകേന്ദ്രം(യുനാനി) നടത്തിപ്പിനുവേണ്ടി അനുവദിച്ചിട്ടുണ്ട്.അവശേഷിക്കുന്ന 20 മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും, കെട്ടിടങ്ങളും, മുറികളും വാടകയ്ക്ക് നൽകുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകളും,നിബന്ധനകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ബൈലോ നാളിതുവരെ തയ്യാറാക്കിയിട്ടില്ല.

1994കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 256 പ്രകാരം ഈ നിയമത്തിലേയും, മറ്റേതെങ്കിലും നിയമത്തിലേയും വ്യവസ്ഥകൾക്കും,ചട്ടങ്ങൾക്കും വിധേയമായി പഞ്ചായത്തിന് അവരുടെ കാര്യങ്ങൾ നിറവേറ്റാൻ സർക്കാർ അംഗീകാരത്തോടുകൂടി ബൈലോ ഉണ്ടാക്കേണ്ടതുണ്ട്.മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലും പ്രസ്തുത പരാമർശം നടത്തിയിട്ടുണ്ടെങ്കിലും നാളിതുവരെ പരിഹരിച്ചിട്ടില്ല.ബൈലോ തയ്യാറാക്കി അംഗീകരിച്ച് പഞ്ചായത്ത് ഡയറക്ടറുടെ അനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

വാടക കാലോചിതമായി വർധിപ്പിക്കുന്നില്ല- ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം

വാടകയ്ക്ക് കൊടുത്തിരിക്കുന്ന മുറികളുടെ വാടകയിൽ വർഷംതോറും 5ശതമാനം വർദ്ധനവ് മാത്രം വരുത്തി തുടർന്നും അതേ വ്യക്തികൾക്കു തന്നെ നൽകുന്ന രീതിയാണ് തുടർന്നു വരുന്നത്.ഈ രീതിയിൽ നല്കുമ്പോൾ വളരെ ചെറിയ തുക മാത്രമാണ് വാടകയിനത്തിൽ വർധനവു വരുന്നത്. അതുകൊണ്ടു തന്നെ നിശ്ചിത വാടക പുനപ്പരിശോധിക്കാവുന്നതും കാലോചിതമായ വർദ്ധനവ് വരുത്താനുള്ള നടപടികൾ സ്വീകരിച്ച് ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം വർധിപ്പിക്കാവുന്നതാണ്.

## 1-14 ഒറ്റത്തവണ നികുതി ഒടുക്കുവരുത്തിയതിന്റെ രേഖകൾ ഹാജരാക്കാതെ കെട്ടിട നമ്പർ അനുവദിച്ചത്- സർക്കാർ ഉത്തരവിനു വിരുദ്ധം

സ.ഉ(എം.എസ് )നം.231/15/ത.സ്വ.ഭ.വ തീയ്യതി.9.7.2015-ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന പുതിയകെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോഴും അങ്ങനെ കൂട്ടിച്ചേർക്കുന്ന ഭാഗത്തിന് അധിക വസ്തു നികുതി ഈടാക്കുമ്പോഴും 1975-ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യഗഡു അടച്ച രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരിക രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറ വിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് 2020-21 സാമ്പത്തിക വർഷം നമ്പർ അനുവദിച്ച പുതിയ കെട്ടിടങ്ങളുമായി ബന്ധപ്പെട്ട ഏതാനും അപേക്ഷകൾ പരിശോധിച്ചതിൽ മേൽ രേഖകൾ ഹാജരാക്കാതെ നമ്പർ അനുവദിച്ച സംഗതികളും ഉള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഉദാഹരണമായി ,

| അപേക്ഷകന്റെ പേര് | വാർഡ് നമ്പർ/ കെട്ടിട നമ്പർ | കെട്ടിട വിസ്തീർണ്ണം ച.മീ | ഉപയോഗക്രമം | വില്ലേജ് |
|---|---|---|---|---|
| അഴീക്കോടൻ കമറുദ്ദീൻ | I/491/ A | 35 | വാണിജ്യം | തിമിരി |
| | I/491/ B | 25 | വാണിജ്യം | തിമിരി |
| | I/491/ C | 25 | വാണിജ്യം | തിമിരി |
| | I/491/ D | 25 | വാണിജ്യം | തിമിരി |
| | I/491/ E | 25 | വാണിജ്യം | തിമിരി |
| | I/491/ F | 20 | വാണിജ്യം | തിമിരി |
| | I/491/ G | 20 | വാണിജ്യം | തിമിരി |
| | I/491/ H | 20 | വാണിജ്യം | തിമിരി |
| | I/491/ I | 20 | വാണിജ്യം | തിമിരി |
| | I/491/ J | 50 | വാണിജ്യം | തിമിരി |
| | I/491/ K | 92.88 | വാണിജ്യം | തിമിരി |

മുകളിൽ പരാമർശിച്ച കാര്യങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.57/2020-21 തീയ്യതി-7.6.2022) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വ്യക്തിയിൽ നിന്ന് ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യഗഡു അടച്ച രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ

ഫയൽ ചെയ്തതിന്റെ ആധികാരിക രേഖയോ ലഭ്യമാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.കൂടാതെ 2020-21 സാമ്പത്തിക വർഷം കെട്ടിടനമ്പർ അനുവദിച്ച മുഴുവൻ അപേക്ഷകളും പരിശോധിച്ച് പ്രസ്തുത അപാകം പരിഹരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-15 സെക്രട്ടറിയുടെ പദ്ധതിയേതര ചെലവുകളിലെ അപാകങ്ങൾ-വിശദീകരണം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറിയുടെ പദ്ധതിയേതര ചെലവുകളുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വിഷയം | വൗച്ചർ നമ്പർ തീയതി തുക | അപാകം |
|---|---|---|---|
| 1 | സാക്ഷരതാ പ്രേരകിന്റെ 12/20,1/21 മാസങ്ങളിലെ ഓണറേറിയം | ₹16200 | സഉ(സാധാ)നമ്പർ 626/21/തസ്വഭവ തീയതി 26.02.21 ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം തുക സാക്ഷരതാ മിഷനിൽ നിന്നും തിരിച്ചു കിട്ടിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുകയോ കിട്ടാനുള്ള തുകയായി പ്രസ്തുത തുക ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. |
| 2 | ഡ്രൈവറുടെ ദിവസ വേതനം | 22001041/01.02.21<br>₹20735 | 1)ജി ഒ(പി)81/19/ഫിൻ തീയതി 07.07.2019 ഉത്തരവു പ്രകാരം ദിവസവേതന വ്യവസ്ഥയിൽ നിയമിക്കപ്പെടുന്ന ഡ്രൈവർക്ക് നല്കാവുന്ന പരമാവധി വേതനം ₹19305 ആണ് (@715 പരമാവധി ₹19305).ഓഫീസ് തലവന്റെ നിർദ്ദേശാ നുസരണം ഔദ്യോഗിക കൃത്യനി ർവ്വഹണം നടത്തേണ്ടി വരിക യാണെങ്കിൽ ആ ദിവസങ്ങളിലെ അധിക വേതനത്തിന് ഓഫീസ് മേധാവിയുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ അർഹതയുണ്ടായി രിക്കുമെന്നും പ്രസ്തുത ഉത്തരവിൽ വ്യവസ്ഥയുണ്ട്. എന്നാൽ ഇത്തരം നിർദ്ദേശങ്ങളോ സാക്ഷ്യപത്രമോ ഹാജരാക്കിയിട്ടില്ല.<br>2)മസ്റ്റർ റോളിൽ വിശദാംശങ്ങൾ രേഖപ്പെടുത്തിസാക്ഷ്യപ്പെടുത്താത്തതും അപാകമാണ്. ഹാജർ മാത്രമാണ് മസ്റ്റർ റോളിൽ രേഖപ്പെടുത്തിയത്. |
| 3 | ” | 22000430/06.08.2020<br>₹20020 | ” |

| | | | |
|---|---|---|---|
| 4 | ,, | 22000709/03.11.2020<br>₹20020 | ,, |
| 5 | ,, | 22000247/2.07.2020<br>₹20735 | ,, |
| 6 | ,, | 22000147/3.06.20<br>₹20735 | ,, |
| 7 | ,, | 22000072/6.05.2020<br>₹21450 | ,, |
| 8 | കെ എസ് എഫ് ഇ -ഓൺലൈൻ വിദ്യാസഹായി 38 അംഗൻവാടികൾക്ക് എൽഇഡിടിവികൾ വാങ്ങിയതിൽ കെ എസ് എഫ് ഇയുടെ വിഹിതം ഡയറക്ട് ടു കസ്റ്റമർ എന്ന സ്ഥാപനത്തിന് കൈമാറിയത്. | 22000719/06.11.2020<br>₹380000 | കണക്ഷൻ ലഭ്യമാക്കി ടി വി നിശ്ചിത ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തിയിരുന്നോ എന്ന് വ്യക്തമാക്കിയിട്ടില്ല. |
| 9 | യാത്രാബത്ത ബിൽ | 22000601/07.10.2020<br>₹69928 | ജീവനക്കാരുടെ ടൂർ ഡയറി ,ഐ എം ജി (ശ്രീ ദിവാകരൻ ടി ) കില(ശ്രീ ഉമ്മർ പി) എന്നിവിടങ്ങളിൽ പരിശീ ലന പരിപാടിയിൽ പങ്കെടുത്തതിന്റെ ഹാജർസർട്ടിഫിക്കറ്റ് ഇവ ഹാജരാക്കി യിട്ടില്ല.<br>അക്വിറ്റൻസ് രജിസ്റ്ററിൽ പ്രസ്തുത ബിൽ പ്രകാരം നല്കിയ യാത്രാബത്ത യുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല. |
| 10 | കെ എൽ 59 ബി 730 നമ്പർ ഗ്രാമപഞ്ചായത്ത് വാഹനത്തിന് ഇന്ധനം നിറച്ചത് | 22000631/08.10.2020<br>₹113408 (2/2020 മുതൽ 7/2020 വരെ)<br>22000029/8.04.20<br>₹70040<br>(8/19 മുതൽ 1/20 വരെ) | അതത് മാസങ്ങളിൽ ബിൽതുക നല്കാതെ 6 മാസത്തെ ബിൽ തുക ഒരുമിച്ച് നല്കിയതിനുള്ള കാരണം അറിയിച്ചിട്ടില്ല.<br>01.05.2020 ലെ 41.91 ലിറ്ററും 30.07.2020 ലെ 39.12 ലിറ്ററും ലോഗ് ബുക്കിൽ ചേർത്തിട്ടില്ല. ഇന്ധന ഉപയോഗം സംബന്ധിച്ച റിപ്പോർട്ട് എല്ലാ മാസങ്ങളിലും രേഖപ്പെട്ട ത്തിയിട്ടില്ല.<br>മൈലേജ് സംബന്ധിച്ച വിശദാംശ ങ്ങൾ അറിയിക്കുകയോ മൈലേജ് സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ ചെയ്തിട്ടില്ല.<br>റിപ്പയർ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ , വെഹിക്കിൾ ഹിസ്റ്ററി ബുക്ക് ഇവയും ഹാജരാക്കിയിട്ടില്ല |
| 11 | വാട്ടർചാർജ്ജ് - മുന്നിരിപ്പ്, പിഴ ഒടുക്കിയത് | 22000469/21.08.020<br>₹12803 | 980 രൂപ മുന്നിരിപ്പും 10 രൂപ പിഴയും ഉൾപ്പെടെയാണ് വാട്ടർ ചാർജ്ജ് ഒടുക്കിയത്. മുന്നിരിപ്പും പിഴ ഇനത്തിൽ വന്നതാണ്. |
| 12 | തൊഴിൽ രഹിത വേതനം | 22000503/4.09.2020<br>₹34800 | വരുമാന സർട്ടിഫിക്കറ്റും അർഹത സംബന്ധിച്ച പുനരന്വേഷണ റിപ്പോർട്ടുകളും ഹാജരാക്കിയിട്ടില്ല. |
| 13 | അഗതി രഹിത കേരളം പദ്ധതി- എഡിഎസ് ന് കൈമാറിയത് | 22000452/14.08.20<br>₹25000 | തടിക്കടവ് എ ഡി എസ് ന് കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. തുക കൈമാറിയതിന്റെ ഉദ്ദേശ്യം വ്യക്തമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| 14 | 2020-21 വർഷത്തേക്കുള്ള രജിസ്റ്ററുകളും ഫോറങ്ങളും ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും വാങ്ങുന്നത് | 22000924/04.01.2021 ₹86069 | സ്റ്റോക്ക് രജിസ്റ്ററിൽ(പേജ് 129) 48647 രൂപയുടെ സാധനങ്ങളാണ് വരവു വന്നതായി രേഖപ്പെടുത്തിയത്. ഓർഡർ ചെയ്ത സാധനങ്ങൾ പിന്നീട് ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങൾ പിന്നീട് ലഭിച്ചതായി രേഖപ്പെടുത്തി ക്കാണുന്നില്ല. സാധനങ്ങളുടെ വിതരണ വിവരങ്ങളോ നീക്കിബാക്കി യോ സംബന്ധിച്ച വിശദാംശങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.<br>8540രൂപ മുൻബാക്കി ക്രമീകരിക്കു ന്നതിനു വേണ്ടി നല്കിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അറിയിച്ചിട്ടില്ല. |
| 15 | ഡെപ്പോസിറ്റ് തിരികെ നല്കിയത് | 22000927/05.01.21 ₹37500 | പഞ്ചായത്ത് ഓഫീസിന് മുകൾ നിലയിലെ ആർട്ട് ഗാലറി നിർമ്മാണത്തിനു വേണ്ടി പഞ്ചായത്തിൽ കെട്ടി വച്ച സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നല്കുന്നതിന് മുമ്പ് സീലിംഗ് അടർന്നു വീണത് ശരിയാക്കാൻ ആവശ്യപ്പെടുക എന്ന് സെക്രട്ടറി നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. ഓഡിറ്റ് തീയതിയിലും സീലിംഗ് തകരാറുകൾ നിലനില്ക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഡിഫക്ട് ലയബിലിറ്റി കാലയളവിലുള്ള തകരാറുകൾ പരിഹരിക്കാതെ തുക നല്കിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല |
| 16 | ലീവ് സറണ്ടർ | 22000007/6.04.20 ₹109340 | സറണ്ടർ ആനുകൂല്യങ്ങൾ നല്കുന്നതിന് നിയന്ത്രണം നിലനില്ക്കുമ്പോൾ തുക നല്കി . തുക അനുവദിച്ചു കൊണ്ടുള്ള സെക്രട്ടറിയുടെ ഉത്തരവ് ഹാജരാക്കി യിട്ടില്ല. |
| 17 | പ്രിന്റിംഗ് ചാർജ്ജ്,പ്രോജക്റ്റ് നമ്പർ 39/20 | 22000061/28.04.20 ₹74778 | 2019-20 ലെ പ്രിന്റിംഗ് ചാർജ്ജുമായി ബന്ധപ്പെട്ട ക്വട്ടേഷൻ ഫയൽ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. തുക 2019-20 ൽ നല്കാതിരിക്കാൻ കാരണം എന്തെന്നും വ്യക്തമാക്കേണ്ടതാണ്. |
| 18 | വാർഡ് സാനിറ്റേഷൻ | 22000129/30.05.20 ₹120000<br>22000184/10.06.2020 ₹150000 | വാർഡ് സാനിറ്റേഷൻ കൺവീനർ മാർക്ക് 15000രൂപ വീതം നല്കിയതു മായി ബന്ധപ്പെട്ട ചെലവു പത്രികകൾ പരിശോധനക്കായി ഹാജരാക്കേ ണ്ടതാണ്.<br>6,7,3,4,5,9 വാർഡുകൾക്ക് നല്കിയതിൽ നീക്കിയിരിപ്പുള്ള തുക (ആകെ 23500രൂപ) ക്രമീകരിച്ചതിന്റെ വിവര ങ്ങൾ ലഭ്യമാക്കേണ്ടതാണ്. |
| 19 | ടോണർ കാട്രിഡ്ജ് | | സ്റ്റോക്ക് / വിതരണ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.<br>ഓരോ തവണ മാറ്റിയ ശേഷവും നിശ്ചിത കോപ്പികൾ ലഭിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തുന്നതിന് ലോഗ് ബുക്ക് സൂക്ഷിക്കുന്നില്ല. |
| 20 | ഇലക്ഷൻ ചെലവ് | 22000891/29.12.2020 ₹22880 | 38 പോളിംഗ് സ്റ്റേഷനുകളിൽ ഇലക്ട്രിഫിക്കേഷൻ നടത്തുന്നതിനായി ഇലക്ട്രിക്കൽ കോൺട്രാക്ടർ സമർപ്പിച്ച ബില്ലുകൾ പ്രകാരം നല്കിയ തുകയാണിത്. |

| | | | |
|---|---|---|---|
| | | | ഇലക്ഷന ശേഷം , വാങ്ങിയ സാധനങ്ങൾ എന്തു ചെയ്തു എന്ന് വ്യക്തമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല (കേബിൾ 400മീ, ബൾബുകൾ 79 എണ്ണം ലാമ്പ് ഹോൾഡർ 52 എണ്ണം Etc.) |

അപാകങ്ങൾ പരിഹരിക്കേണ്ടതും രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്.(ഓഡിറ്റ് അന്വേഷണം നമ്പർ 15/ 04.06.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-16 പ്രവൃത്തനക്ഷമമല്ലാത്തതും നിലവിലില്ലാത്തതുമായ ടാപ്പുകൾക്ക് കുടിവെള്ളക്കരം ഒടുക്കുന്നു-ഗ്രാമപഞ്ചായത്തിന് സാമ്പത്തിക നഷ്ടം

കുടിവെള്ളക്കരവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്ത് പ്രതിമാസം 27 പൊതുടാപ്പുകൾക്കു വേണ്ടി പ്രതിവർഷം 5250രൂപ നിരക്കിൽ പ്രതിമാസം 11813രൂപ വീതം വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം ഒടുക്കി വരുന്നുണ്ട്. പ്രവർത്തനക്ഷമമായ വാട്ടർ ടാപ്പുകളുടെ എണ്ണം കണ്ടെത്തുന്നതിനായി നടത്തിയ സംയുക്ത പരിശോധന സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( നം 34/05.06.22) ലഭ്യമാക്കിയ മറുപടിയോടൊപ്പം സമർപ്പിച്ച സംയുക്ത പരിശോധനാ റിപ്പോർട്ടിൽ (3/21 മാസം നടത്തിയ സംയുക്ത പരിശോധന) 29 വാട്ടർ ടാപ്പുകൾ ഉള്ളതായാണ് രേഖപ്പെടുത്തിയത്.ഇതിൽ 22 എണ്ണം റോഡ് വികസന പ്രവൃത്തികളുടെ ഭാഗമായി നീക്കം ചെയ്തവയാണെന്നും 2 എണ്ണത്തിൽ ടാപ്പുകൾ ഇല്ല എന്നും 4 എണ്ണത്തിൽ ടാപ്പ് ഉണ്ടെങ്കിലും വെള്ളം വരുന്നില്ല ഒരെണ്ണം ഡാമേജ്ഡ് ആണ് എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതായത് 29 ടാപ്പുകളും പരിശോധനാ തീയതിയിൽ വർക്കിംഗ് കണ്ടീഷനിൽ ആയിരുന്നില്ല.

ഇതിന്റെ അടിസ്ഥാനത്തിൽ, ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 22.03.21 തീയതിയിലെ 15/21(5) നമ്പർ തീരുമാനത്തിൽ വെള്ളക്കരം ഒഴിവാക്കി നല്കുന്നതിന് കത്തയക്കാൻ തീരുമാനമെടുത്തിട്ടുണ്ട്.ഭരണ സമിതി തീരുമാനവുമായി ബന്ധപ്പെട്ട തുടർ നടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

റോഡ് വികസനത്തിന്റെ ഭാഗമായി വർഷങ്ങൾക്കു മുമ്പ് ഒഴിവാക്കിയ 22 ടാപ്പുകൾക്കു വേണ്ടി ഒടുക്കിയ വെള്ളക്കരം തിരിച്ചു കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനായി ആധികാരിക രേഖകൾ സഹിതം (വർക്ക് ബില്ലുകൾ , സൈറ്റ് സംബന്ധിച്ച രേഖകൾ മുതലായവ) കേരള വാട്ടർ അതോറിറ്റിയിൽ അപേക്ഷ നല്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

ടാപ്പുകൾ പ്രവർത്തിക്കുന്നില്ല എന്നതു സംബന്ധിച്ച് ഇതിനു മുമ്പ് വാട്ടർ അതോറിറ്റിയുമായി കത്തിടപാടുകൾ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

യഥാസമയം വിവരം റിപ്പോർട്ട് ചെയ്ത് തുടർ നടപടികൾ സ്വീകരിക്കാതിരുന്നതു മൂലം ഗ്രാമപഞ്ചായത്തിന് ഈയിനത്തിൽ സാമ്പത്തിക നഷ്ടം ഉണ്ടായിക്കൊണ്ടിരിക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. യുക്തമായ നടപടികൾക്കായി വിഷയം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു.

## 1-17 ഭൂനികുതി ഒടുക്കു വരുത്തുന്നില്ല, ആസ്തി സംരക്ഷണ പ്രവർത്തനങ്ങൾ തൃപ്തികരമല്ല

2020-21 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ ഭൂനികുതി വില്ലേജ് ഓഫീസുകളിൽ ഒടുക്കു വരുത്തിയിട്ടില്ല.മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇതു സംബന്ധിച്ച പരാമർശം ഉണ്ടെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കിയിട്ടില്ല.

പുറമ്പോക്ക് രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പുറമ്പോക്ക് ഭൂമിയുൾപ്പെടെ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുഴവൻ സ്ഥലവും അളന്നു തിട്ടപ്പെടുത്തി സംരക്ഷിക്കുന്നതിനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചതായി രേഖകളില്ല . ആസ്തി

രജിസ്റ്റർ ഏത് തീയതി വരെ കാലികമാക്കിയിട്ടുണ്ട് എന്നതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.ആസ്തി സംരക്ഷണത്തിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതും ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ അടിസ്ഥാന ഭൂനികുതി ഒടുക്കു വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.
വിവിധ ആവശ്യങ്ങൾക്കായി നിർമ്മിച്ച കെട്ടിടങ്ങൾ അതത് ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ മുകൾ നിലയിലുള്ള ആർട്ട് ഗാലറി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഗ്രാമപഞ്ചായത്തും ജില്ല, ബ്ലോക്ക് പഞ്ചായത്തുകളും ഗ്രാമപഞ്ചായത്ത് പരിധിയിൽ നിർമ്മിച്ച കുടിവെള്ള പദ്ധതികൾ പ്രവർത്തനക്ഷമമാണോ എന്ന് പരിശോധിക്കേണ്ടതാണ്. ജില്ല, ബ്ലോക്ക് പഞ്ചായത്തുകളും മറ്റ് ഏജൻസികളും ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ നിർമ്മിച്ച ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 2/29.05.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-18 ഫോട്ടോസ്റ്റാറ്റ് മെഷീൻ - മുൻകൂറായി തുക നല്കി മാസങ്ങൾ പിന്നിട്ടിട്ടും ഉപകരണം ലഭ്യമായിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി

പ്രോജക്ട് നമ്പർ: 135/21

അടങ്കൽ: ₹80000- തനത് ഫണ്ട്

ചെലവ്: ₹58906 (വൗച്ചർ നമ്പർ 22000690/30.10.2020)

പഴയ ഫോട്ടോസ്റ്റാറ്റ് മെഷീൻ ഉപയോഗ രഹിതമായതിനാൽ പി ഡബ്ല്യുഡി ഇലക്ട്രോണിക്സ് വിഭാഗത്തിൽ നിന്നും ഉപയോഗ രഹിത സാക്ഷ്യപത്രം വാങ്ങിയതിനു ശേഷം സിപിആർ സി എസ് പോർട്ടലിൽ നിന്നും നേരിട്ട് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങുന്നതിനു വേണ്ടിയാണ് പദ്ധതി തയ്യാറാക്കിയത്.
പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.
1.കേരള സ്റ്റേറ്റ് ഐ ടി മിഷന്റെ അക്കൗണ്ട് നമ്പർ 79901140003959 ലേക്ക് തുക കൈമാറിയിട്ട് 17 മാസങ്ങൾ കഴിഞ്ഞിട്ടും ഫോട്ടോസ്റ്റാറ്റ് മെഷീൻ ലഭ്യമായിട്ടില്ല. ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 31/04.06.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
2.പഴയ ഫോട്ടോസ്റ്റാറ്റ് മെഷീന് ഇലക്ട്രോണിക്സ് വിഭാഗത്തിൽ നിന്നും ലഭിച്ച ഉപയോഗ രഹിത സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

3.പഴയ മെഷീൻ നിലവിൽ ഒഴിവാക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.

4. ഓർഡർ നല്കി 45 ദിവസത്തിനകം സാധനം വിതരണം ചെയ്യുന്നതാണെന്ന് ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സമയപരിധി പാലിക്കപ്പെട്ടിട്ടില്ല.
ഫോട്ടോസ്റ്റാറ്റ് മെഷീൻ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. പഴയ മെഷീൻ സംബന്ധിച്ച വിവരങ്ങൾ അറിയിക്കേണ്ടതും അനുബന്ധ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-19 തെരുവു വിളക്ക് റിപ്പയർ- വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല- 303635 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 382/21(SO),28/20(19-20) |
| അടങ്കൽ | ₹480000-തനത് ഫണ്ട്) |
| ചെലവ് | ₹303635-വൗച്ചർ നമ്പർ 22000678/27.10.2020 |

തകരാറിലായ സ്ട്രീറ്റ് ലൈറ്റുകൾ റിപ്പയർ ചെയ്യുന്നതിനും ഒരു വർഷം എ എം സിയും ഉദ്ദേശിച്ചുള്ള പ്രോജക്ട് എന്നാണ് പദ്ധതി ലക്ഷ്യമായി പ്രോജക്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.
445 സി എഫ് എൽ ഉം 85 എൽ ഇ ഡി ലൈറ്റുകളും റിപ്പയർ ചെയ്യണമെന്ന് പ്രോജക്ടിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും എണ്ണം കണ്ടെത്തുന്നതിനായി കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുകയോ റിപ്പോർട്ട് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

കരാറുകാരൻ തന്നെയാണ് സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങി സ്ഥാപിക്കുന്നത്. മാറ്റിയിട്ടതിനു ശേഷം പഴയ സാധനങ്ങൾ ഗ്രാമപഞ്ചായത്തിൽ തിരിച്ചേൽപ്പിക്കുന്നുണ്ടോ എന്ന് വ്യക്തമല്ല. ആയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്ന സ്റ്റോക്ക്

രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. നിലാവ് പദ്ധതിയുടെ ഭാഗമായി സി എഫ് എൽ ഒഴിവാക്കി എൽ ഇ ഡി ലാമ്പുകൾ സ്ഥാപിച്ചതിനു ശേഷവും സി എഫ് എൽ റിപ്പയറിനുള്ള തുക നല്കിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

കരാറുകാരനുമായി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. കരാറുകാരനോ സെക്രട്ടറിയോ എഗ്രിമെന്റിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. കരാർ തീയതി എഴുതിച്ചേർത്തിട്ടില്ല. കരാർ കാലയളവ് , തീയതി ഇവ അറിയിക്കേണ്ടതാണ്. കരാറുകാരൻ സമർപ്പിച്ച ബില്ലുകളിലും ഏത് കാലയളവിലാണ് മെയിന്റനൻസ് നടത്തിയതെന്ന് വ്യക്തമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.10.19 ലെ 110/19(1) നമ്പർ തീരുമാന പ്രകാരമാണ് ഡെക്കാൻ അസോസിയേറ്റ്സ്, മയ്യിൽ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചത്. CFL( ഓട്ടോമാറ്റിക്) 565/- , LED-20 W -545 രൂപ LED-24 W -595/- എന്നിങ്ങനെയാണ് ഡെക്കാൻ അസോസിയേറ്റ്സ് ക്വാട്ട് ചെയ്ത നിരക്ക്. എന്നാൽ ബില്ലുകളിൽ ഏത് തരത്തിലുള്ള എൽ ഇ ഡി യാണ് റിപ്പയർ ചെയ്തത് എന്ന് രേഖപ്പെടുത്താതെ 595+12% ജി എസ് ടിയാണ് എൽ ഇ ഡി ബൾബുകൾ റിപ്പയർ ചെയ്യുന്നതിനായി വാങ്ങിയിട്ടുള്ളത്.

പരാതി രജിസ്റ്ററിലെ രേഖപ്പെടുത്തലുകളുടെ അടിസ്ഥാനത്തിലാണ് റിപ്പയർ നടത്തേണ്ടതെന്നാണ് കരാർ വ്യവസ്ഥ. പരാതി രജിസ്റ്റർ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.
ടെണ്ടർ ഫയൽ, പരാതി രജിസ്റ്റർ, മോണിറ്ററിംഗ് റിപ്പോർട്ട്, പൂർത്തീകരണ പത്രം ഇവ ഹാജരാക്കേണ്ടതും അപാകങ്ങൾക്ക് വിശദീകരണം നല്കേണ്ടതുമാണ്. രേഖകളുടെ അഭാവത്തിൽ 303635 രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.(ഓഡിറ്റ് എൻക്വയറി നമ്പർ 33/05.06.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-20 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം- അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥ; ഐ സി ഡി എസ് സൂപ്പർവൈസർ

1.

| | |
|---|---|
| പ്രോജക്ട് നമ്പർ | 294/21(സ്പിൽ ഓവർ) |
| അടങ്കൽ | 500000രൂ (250000 -ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 250000 – ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് 305757രൂ | ₹105757- ട്രഷറി ബിൽ നമ്പർ 5/01.02.21<br>₹200000- വൗച്ചർ നമ്പർ 22000681/28.10.20 |

2.

| | |
|---|---|
| പ്രോജക്ട് നമ്പർ | 183/21 |
| അടങ്കൽ | 1200000രൂ (800000- വികസന ഫണ്ട് ജനറൽ, 200000 -ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 200000 – ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് 834850രൂ(634850- വികസന ഫണ്ട്, 200000-ബ്ലോക്ക് ഷെയർ) | ₹338000- ട്രഷറി ബിൽ നമ്പർ 6/04.02.21<br>₹143500- ട്രഷറി ബിൽ നമ്പർ 8/28.03.21<br>₹153350 - ട്രഷറി ബിൽ നമ്പർ 9/28.03.21<br>₹200000- ട്രഷറി ബിൽ നമ്പർ 10/28.03.21 |

ആദ്യത്തെ പ്രോജക്ട് 2019-20 സാമ്പത്തിക വർഷത്തെ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ വിതരണം ചെയ്യുന്നതിനായി നടപ്പാക്കിയതും രണ്ടാമത്തെ പ്രോജക്ട് 2020-21 ലെ സ്കോളർഷിപ്പ് നല്കാനുള്ളതുമാണ്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) നന്ദകിഷോർ കെ പി എന്ന ഗുണഭോക്താവിന്റെ അപേക്ഷയോടൊപ്പം ഹാജരാക്കിയ റേഷൻ കാർഡ് ശ്രീകണ്ഠാപുരം നഗരസഭാ പരിധിയിൽ ഉൾപ്പെട്ടതാണ്. ശ്രീകണ്ഠാപുരം നഗരസഭാ പരിധിയിലെ ഗുണഭോക്താവിനെ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിലെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കേണ്ടതും പ്രസ്തുത ഗുണഭോക്താവിന് ശ്രീകണ്ഠാപുരം നഗരസഭയിൽ നിന്ന് ആനുകൂല്യം ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കേണ്ടതുമാണ്. (റേഷൻ കാർഡ് നമ്പർ 2365175772-ശ്രീകണ്ഠാപുരം നഗരസഭ). 2019-20, 20-21

സാമ്പത്തിക വർഷങ്ങളിൽ സ്കോളർഷിപ്പ് ഇനത്തിൽ 5600 രൂപ വീതം നല്കിയിട്ടുണ്ട്.

2) സ്നേജിത്ത് പി എന്ന ഗുണഭോക്താവിന്റെ ഡിസെബിലിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പിൽ വൈകല്യത്തിന്റെ ശതമാനം Fifteen Percentage എന്നെഴുതിയത് തിരുത്തി Forty Five Percentage എന്നാക്കി മാറ്റിയിട്ടുണ്ട്. ആയത് സർട്ടിഫിക്കറ്റ് നല്കിയ മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയിട്ടില്ല. വൈകല്യത്തിന്റെ ശതമാനം പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കേണ്ടതാണ്. പ്രസ്തുത ഗുണഭോക്താവിന് രണ്ടു വർഷങ്ങളിലും ആനുകൂല്യമായി 5600രൂപ വീതം നല്കിയിട്ടുണ്ട്.

3) അരുൺ കെ എസ് എന്ന ഗുണഭോക്താവിന്റെ ഡിസ്എബിലിറ്റി സർട്ടിഫിക്കറ്റ് നമ്പർ 7411/06.10.12 ൽ 40% കേഴ്വിക്കുറവ് ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സർട്ടിഫിക്കറ്റിൽ 5 വർഷത്തിനു ശേഷം റീഅസസ് ചെയ്യാൻ പറഞ്ഞിട്ടുണ്ട്. എന്നാൽ 2019-20,20-21 സാമ്പത്തിക വർഷങ്ങളിലും ഇതേ സർട്ടിഫിക്കറ്റ് തന്നെയാണ് അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ളത്.രണ്ടു വർഷങ്ങളിലും 11000 രൂപ വീതം നല്കിയിട്ടുണ്ട്.

2.പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ടുകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

3.വെബ്സാംഖ്യയിൽ നിന്നുള്ള വിതരണ പത്രിക പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്തതുമായി ബന്ധപ്പെട്ട യു ടി ആർ നമ്പർ വന്നിട്ടില്ല.

| ക്രമ നമ്പർ | പേര് | നൽകിയ തുക |
|---|---|---|
| 1 | അശ്വിൻകൃഷ്ണ | 6000രൂ(04.02.21 ) 14000രൂ (19-20) 8000രൂ(19-20) |
| 2 | ഫാത്തിമത്ത് ആലിയ ആസാദ് | 26000രൂപ(04.02.21 ) |
| 3 | അൽഫോൻസാമരിയ | 5600രൂ (28.03.21) 3200രൂ(19-20) |
| 4 | ദേവർഷ് വി വി | 3200രൂപ(19-20) |

ഗുണഭോക്താക്കൾക്ക് തുക ലഭിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

2019-20 സാമ്പത്തിക വർഷത്തെ സുലേഖ ചെലവു പത്രികയിൽ ബ്ലോക്ക് പഞ്ചായത്തിൽ വിഹിതത്തിൽ നിന്നുള്ള ചെലവ് ഉൾപ്പെടുത്തിയിട്ടില്ല.
അപാകങ്ങൾ പരിഹരിക്കേണ്ടതും അനുബന്ധ രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതുമാണ്.

## 1-21 ജനറൽ ഫീഡിംഗ്- ഭക്ഷ്യവസ്തുക്കൾ വാങ്ങിയത് - രേഖകൾ കൃത്യമല്ല-2227658 രൂപയുടെ (184350 + 2043308) ചെലവ് തടസ്സത്തിൽ വെക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥ - ഐ സി ഡി എസ് സൂപ്പർവൈസർ
താഴെ പറയുന്ന പ്രോജക്ടുകളാണ് അങ്കണവാടി പോഷകാഹാര വിതരണ പദ്ധതിക്കായി ഓഡിറ്റ് വർഷം നടപ്പാക്കിയത്.

1.

| | |
|---|---|
| പ്രോജക്ട് നമ്പർ | 134/21, അങ്കണവാടി പോഷകാഹാരം |
| അടങ്കൽ | ₹4200000(₹2078960-വികസന ഫണ്ട് ജനറൽ, ₹1200000-കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, ₹921040-തനത് ഫണ്ട്) |
| ചെലവ് | ₹4200000 |
| | 1.ബിൽ നമ്പർ 1/03.09.20 ₹619660 |
| | 2.ബിൽ നമ്പർ 2/25.09.20 ₹1115695 |
| | 3.ബിൽ നമ്പർ 3/29.09.20 ₹138124 |

| | |
|---|---|
| | 4.ബിൽ നമ്പർ 4/29.09.20 ₹77850 |
| | 5.ബിൽ നമ്പർ 7/28.03.21 ₹127631 |
| | 8. ചെക്ക് നമ്പർ 5835647/28.03.21 ₹476031-കേന്ദ്രവിഹിതം |
| | 9.ചെക്ക് നമ്പർ 5835681/24.03.21 ₹723969-കേന്ദ്രവിഹിതം |
| | 9.ചെക്ക് നമ്പർ 5835623/30.09.20 ₹225736-തനത് ഫണ്ട് |
| | 10.ചെക്ക് നമ്പർ 5835622/30.09.20 ₹466969-തനത് ഫണ്ട് |
| | 11.ചെക്ക് നമ്പർ 5835691/27.03.21 ₹228335-തനത് ഫണ്ട് |
| | ആകെ ₹ 4200000 |

2

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 293/21(സ്പിൽ ഓവർ) |
| അടങ്കൽ | ₹547305 (2019-20 ൽ വകയിരുത്തിയ 27 ലക്ഷം രൂപയിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുക) |
| ചെലവ് | ₹547305 |
| | 1.ചെക്ക് നമ്പർ 019399/20.04.20 ₹377055 |
| | 2.ചെക്ക് നമ്പർ 019400/20.04.20 ₹136051 |
| | 3.ചെക്ക് നമ്പർ 019398/20.04.20 ₹6375 |
| | 4.ചെക്ക് നമ്പർ 019521/20.04.20 ₹27824 |
| | ആകെ ₹ 547305 |

ചപ്പാരപ്പടവ് ഡിപ്പോയിൽ നിന്നാണ് അങ്കണവാടികളിലേക്കാവശ്യമായ ഭക്ഷ്യവസ്തുക്കൾ വാങ്ങിയത്. ജനറൽ ഫീഡിംഗിനായി നടത്തിയ ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (മാവേലിസ്റ്റോറിൽ നിന്നുള്ള ബില്ലുകളിൽ രേഖപ്പെടുത്തിയ ഇഷ്യൂ നമ്പറാണ് തുകയോടൊപ്പം ചേർത്തിട്ടുള്ളത്)

| | തുക ₹ | ചെലവിന്റെ വിശദാംശങ്ങൾ | റിമാർക്ക്സ് |
|---|---|---|---|
| 1 | 619660 | കുടുംബശ്രീ -ന്യൂട്രിമിക്സിന്റെ വില (ഇൻവോയ്സ് നമ്പർ 50/24.03.20, 53/29.04.20, 59/5.06.20) | |
| 2 | 1115695 | 1.ഇഷ്യൂ നമ്പർ 1303117/19377 31.12.19 ₹57443<br>ചെറുപയർ 387കിഗ്രാം<br>ഉഴുന്ന് 200കിഗ്രാം<br>2.ഇഷ്യൂ നമ്പർ 1303117/19376 31.12.19 ₹69584<br>ശബരി വെളിച്ചെണ്ണ 366ലി | 2019-20 ലെ ചെലവ് സ്പിൽ ഓവർ പദ്ധതിയിൽ ഉൾപ്പെടുത്താതെ തൻവർഷത്തെ ചെലവിൽ ഉൾപ്പെടുത്തി.<br>(റവ, റാഗി - ജി എസ് ടി 5%<br>നിലക്കടല ജിഎസ് ടി 12%) |

| | | | |
|---|---|---|---|
| | | 3.ഇഷ്യു നമ്പർ 1303117/19404 16.01.20 ₹283842<br>എലൈറ്റ് റാഗി പൗഡർ 161കി ഗ്രാം<br>എലൈറ്റ് ബ്രോക്കൺ വീറ്റ് 168.25കിഗ്രാം<br>എലൈറ്റ് നിലക്കടല(റോസ്റ്റഡ്) 198കിഗ്രാം<br>എലൈറ്റ് ശർക്കര 206 കിഗ്രാം<br>4.ഇഷ്യു നമ്പർ 1303117/19516 23.03.20 ₹66797<br>പാരച്യൂട്ട് വെളിച്ചെണ്ണ 355ലി<br>5.ഇഷ്യു നമ്പർ 1303117/19515 23.03.20 ₹57015<br>പയർ 315 കിഗ്രാം<br>ഉഴുന്ന് 315 കിഗ്രാം<br>6.ഇഷ്യു നമ്പർ 1303117/20141 12.06.20 ₹211686<br>എലൈറ്റ് റാഗി പൗഡർ 171കി ഗ്രാം<br>എലൈറ്റ് ബ്രോക്കൺ വീറ്റ് 116x25കിഗ്രാം<br>എലൈറ്റ്നിലക്കടല(റോസ്റ്റഡ്) 189കിഗ്രാം<br>എലൈറ്റ് ശർക്കര 198 കിഗ്രാം<br>7.ഇഷ്യു നമ്പർ 1303117/20165 26.06.20 ₹125808<br>ചെറുപയർ 600കിഗ്രാം<br>ഉഴുന്ന് 576 കിഗ്രാം<br>8.ഇഷ്യു നമ്പർ 1303117/20200 30.06.20 ₹130624<br>റവ 97x25 കിഗ്രാം<br>9.ഇഷ്യു നമ്പർ 1303117/20173 26.06.20 ₹112896<br>പാരച്യൂട്ട് വെളിച്ചെണ്ണ 600ലി<br>ആകെ ₹1115695 | |
| 3 | 138124 | 1.ട്രാൻസ്പോർട്ടേഷൻ ₹7500 (6/2020 ൽ റവ ഇറക്കിയതിന്)<br>2.ഇഷ്യു നമ്പർ 1303117/20201 01.07.2020 ₹ 130624<br>ബ്രോക്കൺ വീറ്റ് 97x25 =കി ഗ്രാം | കരാറുകാരൻ ക്വാട്ട് ചെയ്തത് ന്യൂട്രിമിക്സ് ഒരു തവണ ഇറക്കാൻ 7500രൂപയും മറ്റെല്ലാ സാധനങ്ങളും കൂടി ഒരു തവണ ഇറക്കാൻ 12000 രൂപയുമാണ്. 2250കി ഗ്രാം റവ മാത്രം ഇറക്കാൻ 7500രൂപ നല്കിയത് ശരിയല്ല. |
| 4 | 228335 | 1)ഇഷ്യു നമ്പർ 1303117/20141 12.06.2020 | ക്രമനമ്പർ 2 ൽ(എട്ടാമത്തെ |

| | | | |
|---|---|---|---|
| | | ₹211686 ൽ 12360രൂപ ഈ ബില്ലിൽ നല്കി<br>2)ഇഷ്യൂ നമ്പർ 1303117/20344 29.09.20 ₹106572<br>മലയാളം വെളിച്ചെണ്ണ 600ലി<br>3)ഇഷ്യൂ നമ്പർ 1303117/20343 29.09.20 ₹47940<br>ചെറുപയർ 516കിഗ്രാം<br>4)ഇഷ്യൂ നമ്പർ 1303117/20426 30.11.20 ₹254016 ൽ 61463രൂപ ഈ ബില്ലിൽ നല്കി<br>ശ്രേയസ് ബ്രോക്കൺ വീറ്റ് 4800കി ഗ്രാം<br>ആകെ ₹228335 | ഇനം)ഇഷ്യൂ നമ്പർ 1303117/ 20141 ലെ മുഴുവൻ തുകയും നല്കിയിരുന്നു. 1115695 രൂപയിൽ ₹130624 ഈയിനത്തിലുള്ളതാണ്. |
| 5 | 723969 | 1.ട്രാൻസ്പോർട്ടേഷൻ 15000(04.01.21 ന് 2150 കി ഗ്രാം അരി ഇറക്കിയത് 7500രൂ, 16.02.21 ന് ന്യൂട്രിമിക്സ് ഇറക്കിയത് 7500രൂപ)<br>2.കുടുംബശ്രീ ₹198946(ഇൻവോയ്സ് നമ്പർ 81/11.02.21)<br>3.മാവേലി സ്റ്റോർ ₹510023<br>A.ഇഷ്യൂ നമ്പർ 1303117/20201 01.07.20 ₹130624 ൽ 71993രൂപ നല്കി<br>എലൈറ്റ് റവ 97x25 കിഗ്രാം<br>B)ഇഷ്യൂ നമ്പർ 1303117/20165 26.06.20 ₹125808<br>ചെറുപയർ 600കി ഗ്രാം<br>ഉഴുന്ന് 576കിഗ്രാം<br>C)ഇഷ്യൂ നമ്പർ 1303117/20173 26.06.20 ₹112896<br>വെളിച്ചെണ്ണ പാരച്യൂട്ട് 600ലി<br>D)ഇഷ്യൂ നമ്പർ 1303117/20141 12.06.20 ₹211394.37 ൽ 199326 രൂപ ഈ ബില്ലിൽ നല്കി<br>ആകെ ₹510023 | 1.കരാറുകാരൻ ക്വാട്ട് ചെയ്തത് ന്യൂട്രിമിക്സ് ഒരു തവണ ഇറക്കാൻ 7500രൂപയും മറ്റെല്ലാ സാധനങ്ങളും കൂടി ഒരു തവണ ഇറക്കാൻ 12000രൂപയുമാണ്. 2150കി ഗ്രാം അരി മാത്രം ഇറക്കാൻ 7500രൂപ നല്കിയത് ശരിയല്ല.<br>2.ഇഷ്യൂ നമ്പർ 1393117/20201 ലെ മുഴുവൻ തുകയും ക്രമനമ്പർ 3 ൽ തന്നെ നല്കിയിട്ടുണ്ട്.(₹138124 ൽ പെടുന്നു- 7500+130624)<br>3.ഇഷ്യൂ നമ്പർ 1393117/20165 ലെ മുഴുവൻ തുകയും ക്രമനമ്പർ 2 ൽ നല്കിയിട്ടുണ്ട്<br>4.ഇഷ്യൂ നമ്പർ 1393117/20141 ലെ മുഴുവൻ തുകയും ക്രമനമ്പർ 2 ൽ നല്കിയിട്ടുണ്ട് |
| 6 | 476031 | കുടുംബശ്രീ -ന്യൂട്രിമിക്സ് (ഇൻവോയ്സ് നമ്പർ 72/14.11.20, 77/16.12.20) | |
| 7 | 127631 | 1.ട്രാൻസ്പോർട്ടേഷൻ ₹69000(20.09.20 12000രൂ 4800കിഗ്രാം റവ ഇറക്കിയത്, 26.09.20 7500, 14.11.20 7500, 15.11.20 12000 – 6700 കി ഗ്രാം റവ, 28.11.20 7500, 13.12.20 7500, 04.01.21 2150 കി ഗ്രാം അരി 7500, 8.03.21 7500 ആകെ ₹69000)<br>2.മാവേലി സ്റ്റോർ ₹58631<br>ഇഷ്യൂ നമ്പർ 1303117/20200 30.06.20 | ഇഷ്യൂ നമ്പർ 1303117/20200 ലെ തുക മുഴുവനായും ക്രമനമ്പർ 2 ൽ നല്കിയിട്ടുണ്ട്<br>04.01.21 ന് 2150 കി ഗ്രാം അരി ഇറക്കിയതിന് ക്രമനമ്പർ 5 ൽ തുക നല്കിയതാണ്<br>20.09.20 നും 15.11.20 നും റവ മാത്രം ഇറക്കിയതിന് 12000രൂപ നല്കിയിട്ടുണ്ട്. ഇതിൽ 20.09.20 ന് |

| | | | |
|---|---|---|---|
| | | ₹130624 ൽ 58631രൂപ<br>ബ്രോക്കൺ വീറ്റ് 97*25 കി ഗ്രാം | 4800 കി ഗ്രാം റവ വാങ്ങിയതായി രേഖകളില്ല. |
| 8 | 466969 | ട്രാൻസ്പോർട്ടേഷൻ 15000(9.07.20 7500, 13.08.20 7500- ന്യൂട്രിമിക്സ്)<br>കുടുംബശ്രീ - ന്യൂട്രിമിക്സ് ₹451969 (ഇൻവോയ്സ് നമ്പർ 63/8.07.20, 66/13.08.20) | |
| 9 | 225736 | കുടുംബശ്രീ - ന്യൂട്രിമിക്സ് - ഇൻവോയ്സ് നമ്പർ 69/07.09.20 | |
| 10 | 77850 | ട്രാൻസ്പോർട്ടേഷൻ -<br>23.03.20 ₹6500 -ഉഴുന്ന് , പയർ ,എണ്ണ<br>25.03.20 ₹6500 -ന്യൂട്രിമിക്സ്,<br>30.03.20 ₹6500(2500കി ഗ്രാം അരി മാത്രം ഇറക്കിയത്), 23.04.20 ₹12350 (ജനറൽ ഫീഡിംഗ്-ക്വാട്ട് ചെയ്തത് ₹12000)<br>29.04.20 ₹7500 -ന്യൂട്രിമിക്സ്, 28.05.20 ₹7500 (2500കി ഗ്രാം അരി മാത്രം ഇറക്കിയത്) 5.06.20 ₹7500 -ന്യൂട്രിമിക്സ്, 5.09.20 ₹7500-ന്യൂട്രിമിക്സ്, 6/20 ₹7500 – റവ ഇറക്കിയത്<br>ബാക്കി തുക (77850-69350= 8500രൂ) ഏതൊക്കെ സാധനങ്ങൾ ഇറക്കിയ ഇനത്തിലുള്ളതാണെന്ന് വ്യക്തമായിട്ടില്ല. | 6/20 ൽ റവ ഇറക്കിയ വകയിലുള്ള തുക ക്രമനമ്പർ 3 ൽ വരുന്നുണ്ട്. |

സ്റ്റോക്ക് വിതരണ രേഖകൾ കൃത്യമായി സൂക്ഷിക്കാത്തതും ഒരേ ബിൽ തുക തന്നെ വീണ്ടും വീണ്ടും നല്കുകയും ചെയ്തത് അപാകമാണ്. കുട്ടികളുടെ എണ്ണത്തിന്റെയും പോഷകാഹാരത്തിന്റെ ആവശ്യകതയുടെയും അടിസ്ഥാനത്തിൽ വാങ്ങൽ നടത്താനും വിതരണ രേഖകൾ കൃത്യമായി സൂക്ഷിക്കാനും ശ്രദ്ധിക്കേണ്ടതും ഓരോ അങ്കണവാടിയിലെയും കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള ആവശ്യകത സംബന്ധിച്ച പത്രിക ഹാജരാക്കേണ്ടതുമാണ്.

(1)ട്രാൻസ്പോർട്ടേഷൻ കരാറുകാരന് പ്രതിഫലം നല്കിയത് - കൃത്യതയില്ലാതെ - 184350 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

ട്രാൻസ്പോർട്ടേഷൻ കരാറുകാരനായ ശ്രീ ഇ പി സന്തോഷ് കുമാർ 2019-20 സാമ്പത്തിക വർഷത്തേക്ക് ക്വാട്ട് ചെയ്ത തുക ഒരു തവണ ന്യൂട്രിമിക്സ് ഇറക്കാൻ 6500രൂപയും ഒരു തവണ മറ്റ് സാധനങ്ങൾ ഇറക്കാൻ 12350രൂപയുമാണ്. (20.09.19 ലെ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം നമ്പർ 5/99/19 പ്രകാരം അംഗീകരിച്ചത്) .

2020-21 സാമ്പത്തിക വർഷം ഇതേ കരാറുകാരന്റെ ഒരു തവണ ന്യൂട്രിമിക്സ് ഇറക്കാൻ 7500രൂപയും ഒരു തവണ മറ്റ് സാധനങ്ങൾ ഇറക്കാൻ 12000രൂപയും എന്ന നിരക്കാണ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 07.08.2020 ലെ 6/90/2020(2) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളത്. 4/20 മുതൽ 7/20 വരെ ഏത് നിരക്കാണ് നല്കേണ്ടത് എന്നതു സംബന്ധിച്ച വിവരങ്ങൾ ഭരണസമിതി തീരുമാനത്തിൽ ഇല്ല.

രണ്ടു വർഷത്തേയും ക്വട്ടേഷൻ ഫയൽ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

കണക്കുകൾ കൃത്യമായി രേഖപ്പെടുത്താതെയാണ് തുക നല്കിയിട്ടുള്ളത് എന്നതിനാൽ ബില്ലുകളുടെ അടിസ്ഥാനത്തിൽ മുകളിൽ ചേർത്ത പ്രകാരം ടാബുലേഷൻ ഷീറ്റ് തയ്യാറാക്കിയാണ് പരിശോധന നടത്തിയിട്ടുള്ളത്. ആയതു പ്രകാരം തുക നല്കിയതിൽ ചുവടെ ചേർത്ത പിഴവുകൾ സംഭവിച്ചിട്ടുണ്ട്

1.ഒരേ തീയതിയിൽ സാധനങ്ങൾ ഇറക്കിയതിന് ഒന്നിൽ കൂടുതൽ തവണ തുക നല്കി

I.6/2020 മാസം റവ ഇറക്കിയ വകയിലുള്ള തുക ക്രമനമ്പർ 3 ലും ക്രമനമ്പർ 10 ലും വരുന്നുണ്ട്. ഈയിനത്തിൽ 7500രൂപയുടെ അധികച്ചെലവ് വന്നിട്ടുണ്ട് .

Ii.4.01.21 തീയതിയിൽ 2150 കി ഗ്രാം അരി ഇറക്കിയ വകയിലുള്ള തുക ക്രമനമ്പർ 5 ലും 7 ലും വരുന്നുണ്ട്. ഇപ്രകാരം 7500രൂപയുടെ അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്.

2. ഒരു തവണ ന്യൂട്രിമിക്സ് ഇറക്കുന്നതിന് ഒരു നിരക്കും മറ്റ് സാധനങ്ങൾ ഒരുമിച്ച് ഇറക്കുന്നതിന് മറ്റൊരു നിരക്കുമാണ്

കരാറുകാരൻ ക്വാട്ട് ചെയ്യത്. എന്നാൽ ഏതെങ്കിലും ഒരു സാധനം മാത്രം ഇറക്കുന്നതിനും എല്ലാ സാധനങ്ങളും ഇറക്കുന്നതിന്റെ നിരക്കിൽ പ്രതിഫലം നല്കിയിട്ടുണ്ട്.
ഉദാഹരണമായി, 20.09.20 തീയതിയിൽ 12000രൂ നല്കിയത് 4800 കിഗ്രാം റവ മാത്രം ഇറക്കിയതിനാണ്, 15.11.20 തീയതിയിൽ നല്കിയ 12000 രൂപ– 6700കി ഗ്രാം റവ ഇറക്കിയ വകയിലുള്ളതാണ്.
കരാറുകാരൻ ഹാജരാക്കിയ ട്രിപ്പ് ഷീറ്റിലെ വിവരങ്ങളാണ് പട്ടികയിൽ ഉൾപ്പെടുത്തിയത്. സാധനങ്ങൾ ഇറക്കുന്നതു സംബന്ധിച്ച കൃത്യമായ സ്റ്റേറ്റ് മെന്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വിശദമായ പരിശോധന സാധ്യമായിട്ടില്ല.

ബില്ലുകളുടെ അടിസ്ഥാനത്തിൽ അങ്കണവാടികളുടെ സ്റ്റോക്ക് രജിസ്റ്റർ കൂടി പരിശോധിച്ച് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. മേൽക്കാരണങ്ങളാൽ ട്രാൻസ്പോർട്ടേഷൻ ഇനത്തിലുള്ള 184350രൂപയുടെ ചെലവ് (7500+15000+69000+ 15000+77850) (ടേബിളിലെ ക്രമ നം. 3,5,7,8,10 ഇവയിൽ പെടുന്ന തുക) തടസ്സത്തിൽ വെക്കുന്നു.

(2) ഒരേ ഇഷ്യൂ നമ്പറിലുള്ള ബിൽ തുക വ്യത്യസ്ത തീയതികളിലായി പലതവണ നല്കി, സ്റ്റോക്ക് വിതരണ രേഖകൾ സൂക്ഷിച്ചിട്ടില്ല-2043308 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിൽ യഥാസമയം വിവരങ്ങൾ രേഖപ്പെടുത്താതെയും പ്രോജക്ട് രജിസ്റ്ററിൽ രേഖപ്പെടുത്താതെയുമാണ് ഐസിഡിഎസ് സൂപ്പർ വൈസർ ചെലവുകൾ നടത്തുന്നത്.അതുകൊണ്ടു തന്നെ ചെലവുകളുടെ കൃത്യത സംബന്ധിച്ച അവ്യക്തത നിലനില്ക്കുന്നു.ക്യാഷ് ബുക്കും നിശ്ചിത മാതൃകയിലല്ല സൂക്ഷിച്ചിട്ടുള്ളത്. ബില്ലുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ മേൽപട്ടികയിൽ സൂചിപ്പിച്ചതു പ്രകാരം താഴെ പറയുന്ന ബില്ലുകളിലെ തുക രണ്ടോ അതിൽ കൂടുതലോ തവണ നല്കിയിട്ടുണ്ട്

| ഇഷ്യൂ നമ്പർ | ബിൽ തുക ₹ | പട്ടികയിലെ ക്രമനമ്പർ | അധികം നല്കിയത് |
|---|---|---|---|
| 1303117/20141 | 211866 | 2(6)-₹211866<br>4(1)-₹12360<br>5(4)-₹199326 | 12360+199326=211866രൂ |
| 1303117/20201 | 130624 | 3(2)-₹130624<br>5(1)-₹71993 | 71993രൂ |
| 1303117/20165 | 125808 | 2(7)-₹125808<br>5(2)-₹125808 | 125808രൂ |
| 1303117/20200 | 130620 | 7(2)-₹58361<br>2(8)-₹130620 | 58361രൂപ |

2019-20, 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലെ മുഴുവൻ ചെലവുകളിലേയും ബില്ലുകൾ ഈ രീതിയിൽ ക്രോഡീകരിച്ച് അധികത്തുക നല്കിയത് ക്രമീകരിക്കുകയോ തിരിച്ച് പിടിക്കുകയോ ചെയ്യേണ്ടതും രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്.
മേൽക്കാരണങ്ങളാൽ ജനറൽ ഫീഡിംഗിന് സാധനങ്ങൾ വാങ്ങിയ ഇനത്തിലുള്ള 2043308 രൂപയുടെ ചെലവ് (രണ്ടാമത്തെ പട്ടികയിലെ ക്രമ നം. 2,3,4,5,7 എന്നിവയിൽപ്പെടുന്ന ട്രാൻസ്പോർട്ടേഷൻ ഒഴികെയുള്ള തുക) (115695 + 130624 + 228335 + 510023 + 58631) തടസ്സത്തിൽ വെക്കുന്നു.
ബ്രാന്റഡ് സാധനങ്ങൾ ടെണ്ടർ നടപടിക്രമങ്ങളിലൂടെയല്ലാതെ മാവേലിസ്റ്റോറിൽ നിന്ന് നേരിട്ട് വാങ്ങിയതും അപാകമാണ്.
പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട പൂർത്തീകരണ പത്രവും മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ആയവ ഹാജരാക്കേണ്ടതാണ്.

## 1-22 സർക്കാർ ഉത്തരവിന് വിരുദ്ധമായി മെയിന്റനൻസ് ഗ്രാന്റ് റോഡിതരം ഫണ്ട് വിനിയോഗിച്ചു

തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ തദ്ദേശസ്ഥാപനങ്ങളിൽ സമൃദ്ധി എന്ന പേരിൽ നടപ്പാക്കിയ സംരംഭകത്വ പ്രോത്സാഹനപദ്ധതിയിലെ ഗുണഭോക്താക്കളിൽ ബാങ്ക് ലോൺ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഒരു വർഷത്തെ ബാങ്ക് പലിശ തിരിച്ചടക്കുന്നതിനായുള്ള പ്രോജക്ടാണിത്. പ്രോജക്ട് പ്രകാരം തടിക്കടവ് സർവ്വീസ് സഹകരണബാങ്ക് (A/c No. 11270200012819) അക്കൗണ്ടിലേക്ക് 80994രൂപ അടച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രൊജക്ട് നം,പേര് | സമൃദ്ധി പലിശ സബ്സിഡി |
| അടങ്കൽ | 90000(മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം) |
| ചെലവ് | 80994 |
| ബിൽ നം | 18/2020-21 തീയതി 04.02.2021-₹30673<br>19/2020-21 തീയതി |

| | |
|---|---|
| | 12.02.2021-₹50321 |

സർക്കാർ ഉത്തരവ് (എം എസ്) നം04/2016 തസ്വഭവ തീയതി 11.01.2016 പ്രകാരം വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണിക്കും,ആധുനിക സജ്ജീകരണം ഒരുക്കുന്നതിനും,സേവനം വർദ്ധിപ്പിക്കുന്നതിനും,ആരോഗ്യസ്ഥാപനങ്ങളിലേക്ക് മരുന്ന് വാങ്ങുന്നതിനും സംരക്ഷണ ഗ്രാന്റ് ഉപയോഗപ്പെടുത്തുന്നതിനാണ് അനുമതിയുള്ളത് . പലിശ സബ്സിഡി ഒടുക്കുന്നതിനായി സംരക്ഷണ ഗ്രാന്റ് വകയിരുത്തിയതിന്റെ അടിസ്ഥാനം വ്യക്തമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 24/ 04.06.22) മറുപടി ലഭ്യമാക്കിയിട്ടില്ല.
കൂടാതെ മേൽ ഗുണഭോക്താക്കൾ ആരംഭിച്ച സംരംഭങ്ങളുടെ വിവരങ്ങളും അവയുടെ നിലവിലെ അവസ്ഥയും അറിയിക്കേണ്ടതാണ്.
ഗ്രാമപഞ്ചായത്ത് പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി ഏതെങ്കിലും വർഷം റിവോൾവിംഗ് ഫണ്ട് നല്കിയിട്ടുണ്ടെങ്കിൽ തിരിച്ചടവുമായി ബന്ധപ്പെട്ട രേഖകളും തുക വരവു വന്ന ബാങ്ക് പാസ്ബുക്കും പരിശോധനക്കായി ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-23 സമൃദ്ധി-സംരംഭങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് നൽകിയതിന്റെ വിവരവും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടും ലഭ്യമാക്കേണ്ടതാണ്.

1.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,കുവേരി |
| പ്രോജക്ട് നമ്പർ | 243/2021 (Spillover) |
| പ്രോജക്ടിന്റെ പേര് | സമൃദ്ധി - വായ്പാതിരിച്ചടവ് |
| വകയിരുത്തിയ തുക | ₹151127 വികസനഫണ്ട് പൊതുവിഭാഗം<br>₹37500 തനത്ഫണ്ട്<br>ആകെ – ₹188627 |
| ചെലവു തുക /ബിൽ നം, തീയതി | 5/2020-21 തീയതി 11.04.2020 ₹46063 |

2.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,കുവേരി |
| പ്രോജക്ട് നമ്പർ | 19/2021 |
| പ്രോജക്ടിന്റെ പേര് | സമൃദ്ധി - വായ്പാതിരിച്ചടവ് |
| വകയിരുത്തിയ തുക | ₹55500 വികസനഫണ്ട് പൊതുവിഭാഗം<br>ആകെ – 55500 |
| ചെലവു തുക /ബിൽ നം, തീയതി | 75/2020-21 തീയതി 15.02.2021-₹36026 |

തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ തദ്ദേശസ്ഥാപനങ്ങളിൽ സമൃദ്ധി എന്ന പേരിൽ നടപ്പാക്കിയ സംരംഭകത്വ പ്രോത്സാഹനപദ്ധതിയിലെ ഗുണഭോക്താക്കളിൽ ബാങ്ക് ലോൺ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഒരു വർഷത്തെ ബാങ്ക് പലിശ തിരിച്ചടക്കുന്നതിനായുള്ള പ്രോജക്ടാണിത്. പ്രോജക്ട് പ്രകാരം തടിക്കടവ് സർവ്വീസ് സഹകരണബാങ്ക് (A/c No. 11270200012819) അക്കൗണ്ടിലേക്ക് 58052 രൂപയും സൗത്ത് ഇന്ത്യൻ ബാങ്ക്( A/c No. 067325600000017) അക്കൗണ്ടിലേക്ക് 24037 /- രൂപയും അടച്ചിട്ടുണ്ട്. തിരിച്ചടച്ച പലിശയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബാങ്കിന്റെ പേര് | ഗുണഭോക്താവിന്റെ പേര് | വായ്പാതുക | പദ്ധതി പ്രകാരം അടച്ച പലിശ തുക | കാലയളവ് |
|---|---|---|---|---|
| തടിക്കടവ് സർവ്വീസ് സഹകരണബാങ്ക് | അനൂപ് പി കെ | 100000 | 3222 | 01.09.2019 മുതൽ 31.03.2020 വരെ |

| | | | | |
|---|---|---|---|---|
| | | | 1887 | 01.04.2020 മുതൽ 27.02.2021 വരെ |
| | സുബൈർ പി സി | 500000 | 14419 | 01.09.2019മുതൽ 31.03.2020 വരെ |
| | | | 9227 | 01.04.2020 മുതൽ 27.02.2020 വരെ |
| | പി ടി രാജു | 100000 | 2004 | 01.09.2019 മുതൽ 31.03.2020 വരെ |
| | | | 7195 | 01.04.2020 മുതൽ 27.02.2020 വരെ |
| | സോണി കെ പി | 500000 | 9524 | 01.09.2019 മുതൽ 31.03.2020 വരെ |
| | | | 10574 | 01.04.2020 മുതൽ 27.02.2020 വരെ |
| | ആകെ | | 58052 | |
| സൗത്ത് ഇന്ത്യൻ ബാങ്ക് | വിൻസെന്റ് ജോസഫ് | 310000 | 24037 | 28.07.2018 മുതൽ 31.08.2019 വരെ |
| | ആകെ | | 82089 | |

മേൽ ഗുണഭോക്താക്കൾ ആരംഭിച്ച സംരംഭങ്ങളുടെ വിവരങ്ങളും അവയുടെ നിലവിലെ അവസ്ഥയും അറിയിക്കേണ്ടതാണ്.സംരംഭങ്ങൾ പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 48/06.06.22) സംരംഭങ്ങൾ ഭംഗിയായി നടക്കുന്നുവെന്ന മറുപടിയാണ് നല്കിയത്. ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് നൽകിയതിന്റെ വിവരവും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടും ലഭ്യമാക്കേണ്ടതാണ്.

## 1-24 കുടുംബശ്രീ ഗാർമെന്റ് യൂണിറ്റ്-രേഖകൾ ഹാജരാക്കേണ്ടത്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ |
| പ്രോജക്ട് നമ്പർ പേര് | 242/20 കുടുംബശ്രീ ഗാർമെന്റ് യൂണിറ്റ് |
| അടങ്കൽ | ₹1,00,000(വികസന ഫണ്ട്) |
| ചെലവ്/ബിൽ നം/തിയ്യതി | ₹100000,<br>2/2020-21 തീയതി 25.06.2020 |

| | |
|---|---|
| ഓഡിറ്റ് എൻക്വയറി നം | 8/01.06.22 |

സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം നൽകുക എന്ന എന്ന ലക്ഷ്യത്തോടെ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിലെ 5 പേരുൾപ്പെട്ട വനിതാഗ്രൂപ്പിന് ഗാർമെന്റ് കട നടത്തുന്നതിന് 1,00,000 രൂപ ധനസഹായം നൽകിയിട്ടുണ്ട്.സംരംഭവുമായി ബന്ധപ്പെട്ട വായ്പ അക്കൗണ്ടിലേക്ക് തുക വരവു വന്നിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.(ലോൺ നം 3/20 തീയതി 05.02.2019 കുവേരി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്).

സംരംഭത്തിന്റെ വരവ് ഉൾപ്പടെയുള്ള സാമ്പത്തിക ഇടപാടുകൾ ബാങ്ക് അക്കൗണ്ട് മുഖേന ആയിരിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

സംരംഭം നടത്തുന്നതിനായി പ്രസ്തുത സ്ഥാപനത്തിന് ഗ്രാമപഞ്ചായത്തിൽ നിന്നും എഫ് ടി ഇ ആന്റ് ഒ എസ് ലൈസൻസ് അനുവദിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനത്തിന് ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചതിന്റെ വിവരവും വായ്പ അക്കൗണ്ടും പരിശോധനക്കായി ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-25 ജനകീയ ഹോട്ടൽ പ്രാവർത്തികമാക്കുന്നതിനുള്ള പ്രോജക്ടുകൾ- വെള്ളക്കരം ഒടുക്കിയതുമായി ബന്ധപ്പെട്ട ബിൽ ഹാജരാക്കിയില്ല- ₹2368 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പദ്ധതിയുടെ പേര് | സർക്കാർ പ്രഖ്യാപിച്ച പന്ത്രണ്ടിന പരിപാടിയിലെ വിശപ്പ് രഹിത കേരളം -ജനകീയ ഹോട്ടൽ പ്രാവർത്തികമാക്കുന്നതിനുള്ള പ്രൊജക്ടുകൾ(പരാമർശം 3) |
| പ്രൊജക്റ്റ് നം | 292/21. |
| അടങ്കൽ | ₹81600/- (₹51600- തനത് ഫണ്ട് , ₹10000- മറ്റ് ഗ്രാമ പഞ്ചായത്ത് വിഹിതം,₹20000-ബ്ലോക്ക് പഞ്ചായത്ത് വിഹിതം ) |
| ചെലവ് | ₹42859(തനത് ഫണ്ട് ) |
| ബിൽനം/തീയ്യതി/തുക | ബിൽ നമ്പർ ACR പ്രകാരം<br>388/19.3.2021/42859 |

ജനകീയ ഹോട്ടൽ നടത്തിപ്പിന്റെ ഭാഗമായി സ്ഥാപനത്തിന്റെ 40447101047460 -നമ്പർ അക്കൗണ്ടിലേക്ക് നൽകിയ 42859 രൂപയിൽ 2368 രൂപ വാട്ടർ അതോറിറ്റിയിൽ വെള്ളക്കരം ഒടുക്കിയവകയിലുള്ളതാണ്. വാട്ടർ അതോറിറ്റിയിൽ നിന്നുള്ള ബില്ലിന്റെ പകർപ്പ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

ആയത് ഹാജരാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം.40/2020-21 തീയ്യതി-6.6.2022) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 2368 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി-രേഖകളുടെ അഭാവത്തിൽ ₹400000തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പദ്ധതിയുടെ പേര് | എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി(സ്പിൽ ഓവർ) |
| പ്രൊജക്റ്റ് നം | 238/21. |
| അടങ്കൽ | ₹550000- (₹415000- വികസന ഫണ്ട് .എസ്.സി.പി ,<br>₹135000- തനത് ഫണ്ട് ) |
| ചെലവ് | ₹400000-വികസന ഫണ്ട് .എസ്.സി.പി |

| | |
|---|---|
| ബിൽനം/തീയ്യതി/തുക | ബിൽ നമ്പർ ACR പ്രകാരം<br>126/23.7.2020/₹75000.<br>210/11.11.2020/₹75000.<br>32/11.4.2020/₹75000.<br>33/11.4.2020/₹100000.<br>229/11.1.2021/₹75000. |

പദ്ധതിയുടെ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ അപേക്ഷകൾ , ജാതി സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്, ബാങ്ക് പാസ്സ്ബുക്ക് എന്നിവയുടെ പകർപ്പ്, പഠിക്കുന്ന സ്ഥാപനത്തിന്റെ മേലധികാരിയുടെ സാക്ഷ്യപത്രം, വാല്വേഷൻ സർട്ടിഫിക്കറ്റ്, തുകയുടെ കൈപ്പറ്റ് രസീത് , അനുവദിച്ച ഗഡുക്കളുടെ വിവരം രേഖപ്പെടുത്തുന്ന ഗുണഭോക്തൃ രജിസ്റ്റർ എന്നീ രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.45/2020-21 തീയ്യതി-6.6.2022) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 400000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 കുടുംബശ്രീ ഓഫീസിൽ മേശ കസേര ഷെൽഫ്- രേഖകളുടെ അഭാവത്തിൽ ₹70030 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പദ്ധതിയുടെ പേര് | കുടുംബശ്രീ ഓഫീസിൽ മേശ കസേര ഷെൽഫ്. |
| പ്രൊജക്റ്റ് നം | 370/21. |
| അടങ്കൽ | ₹123520/- (₹123520- വികസന ഫണ്ട് ) |
| ചെലവ് | ₹70030(വികസന ഫണ്ട് ) |
| ബിൽനം/തീയ്യതി/തുക | ബിൽ നമ്പർ (ACR പ്രകാരം)<br>335/25.2.2021/₹70030. |

(1) വാങ്ങലുമായി ബന്ധപ്പെട്ട ടെണ്ടർ ഫയൽ , ഭരണ സമിതി ടെണ്ടർ അംഗീകരിച്ചതിന്റെ വിശദാംശങ്ങൾ എന്നിവ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

(2) സാധനങ്ങൾ വാങ്ങിച്ചതിന്റെ Tax Invoice. ഹാജരാക്കിയിട്ടില്ല

(3) സ്റ്റോക്ക് വിതരണ വിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.41/2020-21 തീയ്യതി-6.6.2022) മറുപടിയൊന്നും ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്യിട്ടില്ലാത്തതിനാൽ 70030 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - രേഖകൾ ഹാജരാക്കാത്തത്

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പദ്ധതിയുടെ പേര് | എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ്. |
| പ്രൊജക്റ്റ് നം | 8/21. |

| | |
|---|---|
| അടങ്കൽ | ₹450000( വികസന ഫണ്ട് -എസ്.സി.പി .) |
| ചെലവ് | ₹337980 ( വികസന ഫണ്ട് .എസ്.സി.പി .) |
| ബിൽനം/തീയ്യതി/തുക | ബിൽ നമ്പർ (ACR പ്രകാരം)<br>359/10.3.2021/₹337980. |

(1) ലാപ്പ്ടോപ്പ് വാങ്ങുന്നതിനായി കെൽട്രോണിന് 337980രൂപ കൈമാറിയിട്ടുണ്ടെങ്കിലും കെൽട്രോണിൽ നിന്നുള്ള ടാക്സ് ഇൻവോയ്സ് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ഏത് തീയതിയിലാണ് ലാപ്പ്ടോപ്പുകൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമായിട്ടുള്ളത് എന്നും അറിയിക്കേണ്ടതാണ്.

(2) ലാപ്ടോപ്പ് അനുവദിച്ച അനുമോൾ.കെ.എസ്. എന്ന വിദ്യാർത്ഥി ഹാജരാക്കിയിട്ടുള്ള ജാതി സർട്ടിഫിക്കറ്റ് (നം.38821773-തീയ്യതി-23.3.2019.) കാഞ്ഞിരപ്പള്ളി താലൂക്ക് ഓഫീസിൽ നിന്നുള്ളതാണ്. പ്രസ്തുത വിദ്യാർത്ഥി ഉൾപ്പെടുന്ന റേഷൻ കാർഡിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല.

(3)മേൽ പദ്ധതിയുടെ ഭാഗമായി ലാപ്ടോപ് അനുവദിച്ച ദിൽന.ടി.ബാബു എന്ന വിദ്യാർത്ഥി പഠനം നടത്തിയ Ace Business School പയ്യന്നൂർ എന്ന സ്ഥാപനത്തിന്റെ അഫിലിയേഷൻ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത വിദ്യാർത്ഥി പഠനം നടത്തിയത് പാരലൽ കോളേജിൽ ആണെങ്കിൽ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.
മോണിറ്ററിംഗ് റിപ്പോർട്ട്, പൂർത്തീകരണ പത്രം ഇവ ഹാജരാക്കിയിട്ടില്ല.

മുകളിൽ പരാമർശിച്ച രേഖകൾ ലഭ്യമാക്കുവാനാവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.44/2020-21 തീയ്യതി-6.6.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യപ്പെട്ട മുഴുവൻ രേഖകളും ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-29 ഉന്നതപഠനത്തിന് ധനസഹായം-പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പദ്ധതിയുടെ പേര് | ഉന്നതപഠനത്തിന് ധനസഹായം |
| പ്രൊജക്റ്റ് നം | 09/21. |
| അടങ്കൽ | ₹200000വികസനഫണ്ട്,എസ്.സി.പി |
| ചെലവ് | ₹200000 |
| ബിൽനം/തീയ്യതി/തുക | ബിൽ നമ്പർ (ACR പ്രകാരം)<br>307/12.02.2021/₹150000<br>350/05.03.2021/₹50000 |

മേൽ പദ്ധതിയുടെ ഭാഗമായി ധനസഹായം അനുവദിച്ച അനുമോൾ.കെ.എസ് എന്ന വിദ്യാർത്ഥിനി ഹാജരാക്കിയിട്ടുള്ള ജാതി സർട്ടിഫിക്കറ്റ്(നം.38821773-തീയ്യതി-23.3.2019.) കാഞ്ഞിരപ്പള്ളി താലൂക്ക് ഓഫീസിൽ നിന്നുള്ളതാണ്. പ്രസ്തുത വിദ്യാർത്ഥിനി ഉൾപ്പെടുന്ന റേഷൻ കാർഡിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.56/2020-21-തീയ്യതി.7.6.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-30 എസ്.ടി.വിദ്യാർത്ഥികൾക്ക് പഠനമുറി- രേഖകളുടെ അഭാവത്തിൽ₹300000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പദ്ധതിയുടെ പേര് | എസ്.ടി.വിദ്യാർത്ഥികൾക്ക് പഠനമുറി(സ്പിൽ ഓവർ) |
| പ്രൊജക്റ്റ് നം | 239/21. |
| അടങ്കൽ | ₹300000-(₹225000-വികസന ഫണ്ട് ടി.എസ്.പി,<br>₹75000- തനത് ഫണ്ട് ) |
| ചെലവ് ₹300000 | ₹225000(വികസന ഫണ്ട് ടി.എസ്.പി,<br>₹75000- തനത് ഫണ്ട് ) |

| | |
|---|---|
| ബിൽനം/തീയ്യതി/തുക | ബിൽ നമ്പർ (ACR പ്രകാരം)<br>35/11.4.2020/₹150000.<br>176/29.9.2020/₹75000.<br>177/29.9.2020/₹75000. |

(1)മേൽ പദ്ധതിയുടെ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ അപേക്ഷ, ജാതി സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്, ബാങ്ക് പാസ്സ്ബുക്ക് എന്നിവയുടെ പകർപ്പ്, വാല്വേഷൻസർട്ടിഫിക്കറ്റ്, പഠിക്കുന്ന സ്ഥാപനത്തിന്റെ മേലധികാരിയുടെ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

(2) തുകയുടെ വിതരണവുമായി ബന്ധപ്പെട്ട ഗുണഭോക്തൃ രജിസ്റ്റർ,ഓരോരുത്തർക്കും അനുവദിച്ച ഗഡുക്കൾ സംബന്ധിച്ച വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

മുകളിൽ പരാമർശിച്ച കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.42/2020-21 തീയ്യതി-6.6.2022) മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 300000 രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-31 വിവാഹ ധനസഹായം പട്ടിക വർഗ്ഗം- രേഖകളുടെ അഭാവത്തിൽ₹75000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പദ്ധതിയുടെ പേര് | വിവാഹ ധനസഹായം പട്ടിക വർഗ്ഗം(സ്പിൽ ഓവർ) |
| പ്രൊജക്ട് നം | 241/21. |
| അടങ്കൽ | ₹75000- (വികസന ഫണ്ട് ടി.എസ്.പി ) |
| ചെലവ് | ₹75000(വികസന ഫണ്ട് ടി.എസ്.പി) |
| ബിൽനം/തീയ്യതി/തുക | ബിൽ നമ്പർ ACR പ്രകാരം<br>34/11.4.2020/₹75000. |

മേൽ പദ്ധതിയുടെ ചെലവുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളുടെ അപേക്ഷകളും അർഹതാപരിശോധനക്കാവശ്യമായ രേഖകളും ഗുണഭോക്തൃരജിസ്റ്ററും ഹാജരാക്കുവാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.46/2020-21 തീയ്യതി-6.6.2022) മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 75000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-32 വിവാഹ ധനസഹായം പട്ടിക ജാതി-രേഖകളുടെ അഭാവത്തിൽ ₹75000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പദ്ധതിയുടെ പേര് | വിവാഹ ധനസഹായം പട്ടിക ജാതി(സ്പിൽ ഓവർ) |
| പ്രൊജക്ട് നം | 240/21. |
| അടങ്കൽ | ₹75000- (₹75000- വികസന ഫണ്ട് എസ്.സി.പി ) |
| ചെലവ് | ₹75000(വികസന ഫണ്ട് എസ്.സി.പി) |
| ബിൽനം/തീയ്യതി/തുക | ബിൽ നമ്പർ ACR പ്രകാരം<br>31/11.4.2020/₹75000. |

പദ്ധതിച്ചെലവുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളുടെ അപേക്ഷകളും അർഹതാപരിശോധനക്കാവശ്യമായ രേഖകളും ഗുണഭോക്തൃ രജിസ്റ്ററും ഹാജരാക്കുവാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.47/2020-21. തീയ്യതി-6.6.2022) മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 75000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ

ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-33 വിദ്യാർത്ഥികൾക്ക് മേശ കസേര വിതരണം- പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പദ്ധതിയുടെ പേര് | വിദ്യാർത്ഥികൾക്ക് മേശ കസേര വിതരണം-(സ്പിൽ ഓവർ) |
| പ്രൊജക്റ്റ് നം | 246/21. |
| അടങ്കൽ | ₹295000/-(₹16008- വികസന ഫണ്ട് ,₹278191- വികസന ഫണ്ട് എസ്.സി.പി ,₹801- തനത് ഫണ്ട് ) |
| ചെലവ് ₹293525 | ₹293525 (വികസന ഫണ്ട്-₹15334, വികസന ഫണ്ട് എസ്.സി.പി- ₹278191 ) |
| ബിൽനം/തീയ്യതി/തുക | ബിൽ നമ്പർ ACR പ്രകാരം<br>131/18.8.2020/₹15334.<br>30/11.4.2020/₹238800.<br>130/18.8.2020/₹39391. |

(1) മേൽ പദ്ധതിയുടെ ഭാഗമായി നടന്ന ടെണ്ടർ നടപടിക്രമങ്ങൾ,ടെണ്ടർ ഭരണ സമിതി അംഗീകരിച്ച തീരുമാനത്തിന്റെ വിശദാംശങ്ങൾ എന്നിവ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

(2)മേൽ പദ്ധതിയുടെ ഭാഗമായി സാധനങ്ങൾ വാങ്ങിച്ചതിന്റെ Tax Invoice ഹാജരാക്കിയിട്ടില്ല.

(3) ആനുകൂല്യം അനുവദിച്ച റിയമോൾ.വി.എം, അഭിറാം.കെ.എസ് എന്നീ വിദ്യാർത്ഥികൾ അപേക്ഷയോടൊപ്പം സമർപ്പിച്ച റേഷൻ കാർഡ് യഥാക്രമം (നം.2369040001)പട്ടുവം, (നം.2469040001) പിലിക്കോട് എന്നീ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ളതായതിനാൽ പട്ടുവം ഗ്രാമ പഞ്ചായത്തിൽ നിന്നും, പിലിക്കോട് ഗ്രാമ പഞ്ചായത്തിൽ നിന്നും പ്രസ്തുത ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് ഉറപ്പു വരുത്തിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതാണ്.

മുകളിൽ പരാമർശിച്ച കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.43/ 2020-21 തീയ്യതി-6.6.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യപ്പെട്ട മുഴുവൻ രേഖകളും ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-34 പി.എച്ച്.സി.യ്ക്ക് ആവശ്യമായ ഉപകരണങ്ങൾ ഫർണിച്ചർ-രേഖകളുടെ അഭാവത്തിൽ ₹200000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. ചപ്പാരപ്പടവ്. |
| പ്രോജക്റ്റ് നം. | 69/21 |
| പ്രോജക്ടിന്റെ പേര് | പി.എച്ച്.സി.യ്ക്ക് ആവശ്യമായ ഉപകരണങ്ങൾ ഫർണിച്ചർ |
| അടങ്കൽ | ₹200000(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | ₹200000(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ബിൽ നം/തീയ്യതി/തുക | ₹200000 |

AMISTAD JUBILEE COMPLEX THALIPARAMBA എന്ന സ്ഥാപനത്തിൽ നിന്നാണ് സാധനങ്ങൾ വാങ്ങിയത്. വാങ്ങൽ നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട് പ്രൊക്യൂർമെന്റ് മാന്വൽ (G.O. (P) 259/2010/LSGD 8.11.2010) പ്രകാരമുള്ള

നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് താഴെ പറയുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

1. വാങ്ങലുമായി ബന്ധപ്പെട്ട ടെണ്ടർ പരസ്യം നൽകിയതുമായി ബന്ധപ്പെട്ട രേഖകൾ

2. ടെണ്ടർ അംഗീകരിച്ച ഭരണ സമിതി തീരുമാനം

3. വാങ്ങിയ ഉപകരണങ്ങൾ ഏതൊക്കെ കമ്പനികളുടെതാണെന്നും നിശ്ചിത സ്പെസിഫിക്കേഷൻ എന്തെന്നും വ്യക്തമാക്കുന്നതിനുള്ള രേഖകൾ. (വാങ്ങലുമായി ബന്ധപ്പെട്ട ഫയലിലോ പ്രൊജക്ടിലോ സാധനങ്ങളുടെ സ്പെസിഫിക്കേഷൻ വ്യക്തമാക്കിയിട്ടില്ല.)
4. സ്പെസിഫിക്കേഷൻ പ്രകാരമുള്ള സാധനങ്ങളാണ് വിതരണംചെയ്തത് എന്ന സാക്ഷ്യപത്രം

രേഖകൾ ഹാജരാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം.7/2020-21- തീയ്യതി-30.5.2022) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 200000രൂപ തടസ്സപ്പെടുത്തുന്നു.

## 1-35 ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീസ്-ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളിലെ ഇ-ടെണ്ടർ നടപടികൾ പൂർത്തിയാക്കുന്നത് കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള എസ് ബി ഐ അക്കൗണ്ട് മുഖേനയാണ്. ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീസ് , ഇ എം ഡി എന്നീ ഇനങ്ങളിലെ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്തിരുന്നത് . ഇതിൽ ടെണ്ടർ ഫീ പഞ്ചായത്തിന് ലഭിക്കേണ്ട തുകയാണ് 2020-21 വർഷം താഴെ കൊടുത്ത പ്രകാരം തുക ലഭിക്കാനുണ്ട്.

| ക്രമ നം | മാസം | ലഭിക്കാനുള്ള തുക |
|---|---|---|
| 1 | ജനവരി | 20565 |
| 2 | ഫെബ്രുവരി | 13842 |
| 3 | ഒക്ടോബർ | 18100 |
| 4 | നവംബർ | 27950 |
| ആകെ | | 80457 |

തുക തിരിച്ചു കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 മാർക്കറ്റ് റേറ്റിൽ തയ്യാറാക്കിയ ഡാറ്റ പ്രകാരമുള്ള ഇനത്തിന് ജി എസ് ടി കോമ്പൻസേഷൻ അനുവദിച്ചത് - 5575 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ / പേര് | 339/2021,നമ്പടിയാനം കുടിവെള്ള പദ്ധതി |
| അടങ്കൽ | ₹170000 |
| ചെലവ് | ബിൽ നം 193/2019-20 തീയതി 29.03.21 ₹132887 |
| പ്രവൃത്തി മൂല്യം | ₹125365 |
| കരാറുകാരന്റെ പേര് | ശ്രീ മനീഷ് കുമാർ പി വി |
| കരാർ തുക | 6% Below Estimate Rate |

| | |
|---|---|
| കരാർ | 54/AE/LSGD/CAP/2019-20 Dt 06.12.2019 |
| എം.ബുക്ക് നമ്പർ. | 109/2019-20 |
| ഓഡിറ്റ് എൻക്വയറി നം | 25/04-06-2022 |

പ്രസ്തുത പ്രവൃത്തിയിൽ Appendix B -Plumbing ൽ ഐറ്റം 1 ൽ Supplying And Erecting Submersible Pumbset For 1.5 HP=0.75 Kwh Including Cost Of Pump,motor Panelboard,starter For A Length Of 10 M ,Foot Valve And Testing Etc (2എണ്ണം) @23230 , 23230x2=46460 എന്ന പ്രവൃത്തിയുടെ അളവ് എം ബുക്ക് -പേജ് നം 34 ൽ രേഖപ്പെടുത്തിയിട്ടുണ്ട്.പ്രസ്തുത ഇനത്തിന്റെ പ്രവൃത്തി മൂല്യത്തിന്റെ കൂടെ 12% ജി എസ് ടി കൂടി കണക്കാക്കിയാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്. ഒബ്സർവ്ഡ് ഡാറ്റ പരിശോധനക്ക് ലഭ്യമാക്കിയിട്ടുണ്ട്.
ഒബ്സർവ്ഡ് ഡാറ്റ താഴെ ചേർക്കുന്നു

| | |
|---|---|
| നിരക്ക് | 20000രൂപ (എം ആർ) |
| വാട്ടർ ചാർജ്ജ് 1% | 200രൂപ |
| സി പി & ഒ എച്ച് 15% | 3030രൂപ |
| ആകെ | 23230രൂപ |

മാർക്കറ്റ് റേറ്റിൽ തയ്യാറാക്കിയ ഡാറ്റക്ക് ജി എസ് ടി കോമ്പൻസേഷൻ അനുവദിച്ചതിന് കാരണം വ്യക്തമാക്കിയിട്ടില്ല. ഇപ്രകാരം ജി എസ് ടി അനുവദിച്ചത് കാരണം Appendix B -Plumbing ൽ ഐറ്റം 1 ൽ ചെലവായ 46460 രൂപയുടെ കൂടെ 12% ജി എസ് ടി കൂടി അനുവദിച്ചിട്ടുണ്ട്. സാധനങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട പർച്ചേസ് ബില്ലുകൾ ഹാജരാക്കി ജി എസ് ടി ഒഴികെയുള്ള നിരക്കാണോ ഡാറ്റാ തയ്യാറാക്കാൻ ഉപയോഗിച്ചത് എന്ന കാര്യത്തിൽ വ്യക്തത വരുത്തേണ്ടതാണ്. അതുവരെ 5575 രൂപയുടെ (46460*12%) ചെലവ് തടസ്സത്തിൽ വെക്കുന്നു. ജി എസ് ടി ഉൾപ്പെടെയുള്ള നിരക്കാണ് ഡാറ്റയിൽ വന്നതെങ്കിൽ പ്രസ്തുത തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-37 എസ്.എസ്.എ-പദ്ധതി തയ്യാറാക്കുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ പങ്കാളിത്തം കൂടി ഉറപ്പുവരുത്തേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ജി എൽ പി എസ് |
| പ്രൊജക്റ്റ് നമ്പർ | 71/2021 |
| പ്രൊജക്റ്റിന്റെ പേര് | എസ് എസ് എ -പഞ്ചായത്ത് വിഹിതം നൽകൽ |
| അടങ്കൽ | 900000(വികസനഫണ്ട്) |
| ചെലവ് | ₹900000 |
| ബിൽ നമ്പർ | ബിൽ നം 01/2020-21തീയതി 21.10.2020-₹900000 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |

ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസമേഖലയിലെ വിവിധ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് എസ്.എസ്.എ.ക്ക് മേൽ തുക കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. സ.ഉ.(കൈ) നം.11/2018ത.സ്വ.ഭ.വ. തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക7.6(3) ൽ ഗ്രാമപഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.എ. പ്രോജക്റ്റുകൾക്ക് വകയിരുത്തണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. മാത്രമല്ല ഈ പ്രോജക്റ്റുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിച്ചതിന്റെ വിവരം അറിയുന്നതിനായി പഞ്ചായത്ത് തല വിദ്യാഭ്യാസ കമ്മറ്റിയുടെ മിനുട്സ്, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയോ, വർക്കിംഗ് ഗ്രൂപ്പോ പദ്ധതി നിർവ്വഹണത്തിൽ കാര്യമായ ഇടപെടലുകൾ നടത്തിയതിന്റെ വിവരം കാണിക്കുന്ന മിനുട്സ് എന്നിവ പരിശോധനക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 53/06.06.22) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി തയ്യാറാക്കുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ പങ്കാളിത്തം കൂടി ഉറപ്പുവരുത്തേണ്ടതാണ്.

## 1-38 കുടുംബശ്രീ സ്വയം തൊഴിൽ സംരംഭ കെട്ടിടം(എ ഡി എസ്) പൂർത്തീകരണം- സംരംഭങ്ങൾ തുടങ്ങിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ പേര് | 278/2021, കുടുംബശ്രീ സ്വയം തൊഴിൽ സംരംഭ കെട്ടിടം (എ ഡി എസ്) പൂർത്തീകരണം |
| അടങ്കൽ-₹1490000 | വികസനഫണ്ട് |
| കരാർ | 21/AE/LSGD/CAP/2019-20 Dtd 17.04.2020 |
| ചെലവ് | ₹1122635 |
| ബിൽ നമ്പർ/ തീയതി | 02/2020-21 തീയതി 17.04.2020-489209<br>97/2020-21 തീയതി 15.10.2020-633426 |

പ്രസ്തുത സംരംഭത്തിന് നാളിതുവരെയായി ചെലവഴിച്ച തുകയുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| വർഷം | ചെലവഴിച്ച തുക |
|---|---|
| 2018-19 | 1081330 |
| 2019-20 | 525374 |
| 2020-21 | 1122635 |

2018-19 വർഷം പ്രസ്തുത പ്രവൃത്തി ആരംഭിക്കുകയും 1081330 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2019-20 വർഷം പ്രൊജക്ട് നമ്പർ 228/2020 പ്രകാരം കുടുംബശ്രീ സ്വയം തൊഴിൽ സംരംഭ കെട്ടിട പൂർത്തീകരണം എന്ന പദ്ധതി പൂർത്തീകരണത്തിന് 525374 രൂപ ചെലവഴിച്ചിട്ടുണ്ട്.(2019-20 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-20 കാണുക). 2020-21 വർഷം പ്രത്യേക എസ്റ്റിമേറ്റ് തയ്യാറാക്കി പ്രസ്തുത പദ്ധതിക്കായി 1122635 രൂപ ചെലവഴിച്ചിട്ടുണ്ട്.

പദ്ധതിയുടെ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാതെ ഓരോ സ്റ്റേജിലും പ്രത്യേകം പ്രോജക്ടുകൾ തയ്യാറാക്കിയതിനും കുടുംബശ്രീ സ്വയം തൊഴിൽ സംരംഭ കെട്ടിടത്തിൽ നിലവിൽ സംരംഭങ്ങൾ തുടങ്ങിയിട്ടുണ്ടെങ്കിൽ ആ വിവരവും അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (51/2020-21) മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും പദ്ധതിയുടെ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാതെ ഓരോ സ്റ്റേജിലും പ്രത്യേകം പ്രോജക്ടുകൾ തയ്യാറാക്കിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. നിലവിൽ കെട്ടിടത്തിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും സംരംഭങ്ങൾ തുടങ്ങിയിട്ടില്ല. കുടുംബശ്രീ സ്വയം തൊഴിൽ സംരംഭ കെട്ടിടത്തിൽ സംരംഭങ്ങൾ തുടങ്ങാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതും എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാതെ ഓരോ സ്റ്റേജിലും പ്രത്യേകം പ്രോജക്ടുകൾ തയ്യാറാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-39 ടെണ്ടർ Below കുറവ് ചെയ്യാതെ ജി എസ് ടി കോമ്പൻസേഷൻ കണക്കാക്കിയത് കാരണം അധികം തുക നൽകി.- 6400രൂപ തിരിച്ചു പിടിച്ചത് സഞ്ചിതനിധിയിലേക്ക് ഒടുക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നമ്പർ / പേര് | 193/2021,ഞറുക്കില റോഡ് ടാറിംഗ് |
| അടങ്കൽ | ₹400000 |
| ചെലവ് | ബിൽ നം 161/2020-21 തീയതി 08.03.2021<br>344955-1904 Empty Barre=₹343051 |
| പ്രവൃത്തി മൂല്യം | 355623 |
| കരാറുകാരന്റെ പേര് | അനിൽ കുമാർ പി ബി |
| കരാർ തുക | 15 % Below Of Estimate |
| കരാർ | 39/AE/LSGD/CAP/2020-21 Dt 24.09.20 |
| എം.ബുക്ക് നമ്പർ. | 39/2020-21 |

302280 ന്റെ 12 % ജി എസ് ടി നൽകേണ്ടതിന് പകരം 355623 രൂപയുടെ 12% ന് ആണ് ജി എസ് ടി നൽകിയത്.

ആകെ പ്രവൃത്തി മൂല്യത്തിൽ നിന്നും ടെണ്ടർ Below കുറവ് ചെയ്യാതെയാണ് ജി എസ് ടി കോമ്പൻസേഷൻ നൽകിയിട്ടുള്ളത്.വിശദവിവരം ചുവടെ കൊടുക്കുന്നു.

| | അനുവദിച്ചത് | അനുവദിക്കാവുന്നത് | അധികം നൽകിയത് |
|---|---|---|---|
| പ്രവൃത്തിമൂല്യം | 355623 | 355623-53343(Tender Below)=302280 | |
| ജി എസ് ടി കോമ്പൻസേഷൻ | 42674 | 36274 | 6400 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (56/2020-21-06.06.2022) മറുപടിയോടൊപ്പം തുക തനതു ഫണ്ടിലേക്ക് ഒടുക്കിയതിന്റെ രശീതി (1220101068/16.06.2022) പരിശോധനക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഈ തുക സഞ്ചിതനിധിയിലേക്ക് ഒടുക്കേണ്ടതാണ്.

## 1-40 സാന്ത്വന പരിചരണ പരിപാടി-അപാകങ്ങൾ.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി,ചപ്പാരപ്പടവ്. |
| പ്രോജക്ട് നം. | 60/21 |
| പ്രോജക്ടിന്റെ പേര് | സാന്ത്വന പരിചരണ പരിപാടി. |
| അടങ്കൽ | ₹1100000<br>₹700000 (വികസന ഫണ്ട്)<br>₹400000 (ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് | ₹1072333<br>₹672333 (വികസന ഫണ്ട്)<br>₹400000 (ജില്ലാ പഞ്ചായത്ത് വിഹിതം) |
| ബിൽ നം/ തീയ്യതി/തുക | 20190952003101366930/26.3.2021/400000<br>ബിൽ നം ACR പ്രകാരം.<br>106/18.6.2020/24410<br>113/24.6.2020/29200.<br>125/14.7.2020/32810.<br>134/18.8.2020/33360.<br>169/22.9.2020/32990<br>193/21.10.2020/28650.<br>211/11.11.2020/33120.<br>238/11.1.2021/36130.<br>235/11.1.2021/36150.<br>280/4.2.2021/36390<br>355/8.3.2021/134002.<br>471/30.3.2021/73296. |

| | |
|---|---|
| | 435/26.3.2021/36810.<br>434/26.3.2021/105015. |

(1) മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 26.3.2021-ലെ ബിൽ നം 20190952003101366930 പ്രകാരം നൽകിയ 400000രൂപയിലും, ബിൽ നം.434 പ്രകാരം നൽകിയ 105015 രൂപയിലും എത്ര രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമല്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

(2) മേൽ പദ്ധതി പ്രകാരം മെഡിക്കൽ അനുബന്ധ ഉപകരണങ്ങൾ വാങ്ങിക്കുന്നതിന് Amistad Thaliparamba എന്ന സ്ഥാപനത്തിന്റെ 485150050800079 നമ്പർ അക്കൗണ്ടിലേക്ക് 171668രൂപ (98372+73296) അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഉപകരണങ്ങളുടെ സ്റ്റോക്ക് വിതരണ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

(3) മെഡിക്കൽ അനുബന്ധ ഉപകരണങ്ങൾ ടെണ്ടർ ക്ഷണിക്കാതെ ക്വട്ടേഷൻ മുഖേന വാങ്ങിച്ചതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

(4) ക്വട്ടേഷൻ അംഗീകരിച്ച ഭരണ സമിതി തീരുമാനത്തിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

(5) മേൽ പദ്ധതിയുടെ ഭാഗമായി Amistad Thaliparamba എന്ന സ്ഥാപനം തുക കൈപ്പറ്റിയതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയിട്ടില്ല.

(6) സ.ഉ(സാധാ)നം.3217/2015./ത.സ്വ.ഭ.വ-തീയ്യതി.29.10.2015 -ലെ ഖണ്ഡിക 2.5.6 പ്രകാരം പാലിയേറ്റീവ് നോമിനൽ റജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21/2020-21 തീയ്യതി-4.6.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഹാജരാക്കിയ Tax Invoice-ന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയ 400000 രൂപയിൽ, 29161 രൂപയുടെയും, 105015 രൂപയിൽ 6472 രൂപയുടെയും മരുന്നുകൾ ലഭ്യമാക്കാനുണ്ട്. ലഭ്യമാക്കാൻ ബാക്കിയുള്ള മരുന്ന് ലഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ വിവരം അറിയിക്കേണ്ടതുമാണ്. രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-41 പി.എച്ച്.സി.യിൽ ഫർണിച്ചർ ആശുപത്രി ഉപകരണങ്ങൾ വാങ്ങൽ-രേഖകളുടെ അഭാവത്തിൽ ₹222307 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി.ചപ്പാരപ്പടവ്. |
| പ്രോജക്ട് നം. | 257/21 |
| പ്രോജക്ടിന്റെ പേര് | പി.എച്ച്.സി.യിൽ ഫർണിച്ചർ ആശുപത്രി ഉപകരണങ്ങൾ വാങ്ങൽ(സ്പിൽ ഓവർ) |
| അടങ്കൽ | ₹222307(മെയിന്റനൻസ് ഫണ്ട് റോഡിതരം ) |
| ചെലവ് | ₹222307(മെയിന്റനൻസ് ഫണ്ട് റോഡിതരം ) |
| ബിൽ നം/തീയ്യതി/തുക | ബിൽ നമ്പർ ACR പ്രകാരം.<br>89/11.4.2020/₹222307 |

പദ്ധതിച്ചെലവുമായി ബന്ധപ്പെട്ട രേഖകളും സ്റ്റോക്ക് രജിസ്റ്ററും ടെണ്ടർ ഫയലും പരിശോധനക്കായി ഹാജരാക്കുവാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.16/2020-21 തീയ്യതി-2.6.2022) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്യിട്ടില്ലാത്തതിനാൽ 222307 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-42 ആരോഗ്യ ജാഗ്രതാ പരിപാടി പകർച്ച വ്യാധി നിയന്ത്രണ പരിപാടി-രേഖകളുടെ അഭാവത്തിൽ ₹54540 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി.ചപ്പാരപ്പടവ്. |

| | |
|---|---|
| പ്രോജക്ട് നം. | 51/21 |
| പ്രോജക്ടിന്റെ പേര് | ആരോഗ്യ ജാഗ്രതാ പരിപാടി പകർച്ച വ്യാധി നിയന്ത്രണ പരിപാടി |
| അടങ്കൽ | ₹75000(തനത്ഫണ്ട് ) |
| ചെലവ് | ₹54540(തനത്ഫണ്ട് ) |
| ചെലവ്<br>ബിൽ നം/തീയ്യതി/തുക | ബിൽ നമ്പർ ACR പ്രകാരം.<br>108/18.6.2020/ ₹16000.<br>154/27.8.2020/ ₹14400.<br>214/11.11.2020/ ₹4390.<br>277/29.1.2021/ ₹2800.<br>333/25.2.2021/ ₹8500.<br>456/27.3.2021/ ₹8450. |

പദ്ധതി ചെലവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും,രജിസ്റ്ററുകളും മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനക്കായി ഹാജരാക്കുവാനാവശ്യപ്പെട്ടുകൊണ്ട്നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/2020 തീയ്യതി. 4.6.2022) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ 54540 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-43 യുനാനി മരുന്ന് വാങ്ങൽ പദ്ധതി -വാങ്ങൽ നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയില്ല- 600000രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. ചപ്പാരപ്പടവ്. |
| പ്രോജക്ട് നം. | 33/21 |
| പ്രോജക്ടിന്റെ പേര് | യുനാനി മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹600000(സംരക്ഷണ ഗ്രാന്റ്- റോഡിതരം) |
| ചെലവ് | ₹600000(സംരക്ഷണ ഗ്രാന്റ്- റോഡിതരം) |
| ചെലവ്<br>ബിൽ നം/തീയ്യതി/തുക | ബിൽ നമ്പർ ACR പ്രകാരം.<br>201/6.11.2020/ ₹400000.<br>358/18.3.2021/ ₹200000. |

(1)മേൽ പദ്ധതിയുടെ ഭാഗമായി യുനാനി മരുന്നുകൾ വാങ്ങിച്ചതിന് PRANAVAM ASSOCIATES, KOZHIKODE എന്ന സ്ഥാപനത്തിന്റെ 44061400000030 എന്ന അക്കൗണ്ട് നമ്പറിലേക്ക് (400000+200000) 600000രൂപ നല്കിയിട്ടുണ്ട്. ഇടപാടുമായി ബന്ധപ്പെട്ട യു.ടി.ആർ. നമ്പർ വന്നിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിന് വെബ്സാംഖ്യയിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.

(2)മരുന്നുകൾ വാങ്ങുന്നതിനായി ടെണ്ടർ പരസ്യം നൽകിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല. യുനാനി മരുന്നുകളുടെ വാങ്ങൽ നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട ഉത്തരവുകൾ ലഭ്യമല്ല.

(3) ടെണ്ടർ അംഗീകരിച്ച ഭരണ സമിതി തീരുമാനത്തിന്റെ വിശദാംശങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.പ്രസ്തുത തീരുമാനം നമ്പർ അറിയിക്കേണ്ടതാണ്.

(4) മരുന്നുകളുടെ സ്റ്റോക്ക്/ വിതരണരജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/2020-21 തീയ്യതി-2.6.2022) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ 600000രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-44 സാന്ത്വന പരിചരണ പരിപാടി-രേഖകളുടെ അഭാവത്തിൽ ₹132800 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി., ചപ്പാരപ്പടവ്. |

| | |
|---|---|
| പ്രൊജക്ട് നം. | 263/21 |
| പ്രൊജക്ടിന്റെ പേര് | സാന്ത്വന പരിചരണ പരിപാടി(സ്പിൽ ഓവർ) |
| അടങ്കൽ | ₹132927<br>₹132800(വികസന ഫണ്ട്)<br>₹127(ജില്ലാപഞ്ചായത്ത് വിഹിതം ) |
| ചെലവ് | ₹132800(വികസന ഫണ്ട്) |
| ബിൽ നം/തീയ്യതി/തുക | ബിൽ നമ്പർ ACR പ്രകാരം.<br>38/11.4.2020/82088.<br>39/11.4.2020/50712. |

ഓഡിറ്റ് റിക്വിസിഷൻ നമ്പർ C10/2020-21 തീയതി 27.05.22 പ്രകാരം മുഴുവൻ രേഖകളും 31.05.22 തീയതിക്കകം ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല. തുടർന്ന് പദ്ധതിയുടെ ഭാഗമായി നടത്തിയ ചെലവുകളുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും,രജിസ്റ്ററുകളും പരിശോധനക്കായി ഹാജരാക്കുവാനാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണം നം.20/2020-21 തീയ്യതി-2.6.2022 നല്കിയെങ്കിലും ആയതിനും മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ 132800രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-45 ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് -പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി, ചപ്പാരപ്പടവ്. |
| പ്രോജക്ട് നം. | 64/21 |
| പ്രോജക്ടിന്റെ പേര് | ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് |
| അടങ്കൽ | ₹50000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | ₹37236<br>₹35936(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>₹1300(വികസന ഫണ്ട്) |
| ചെലവ് ₹37236<br>ബിൽ നം/തീയ്യതി/തുക | ബിൽ നമ്പർ ACR പ്രകാരം.<br>240/12.1.2021/₹650(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>241/12.1.2021/ ₹21786(ധനകാര്യ കമ്മീഷൻ ഗ്രാന്റ്).<br>466/29.32021/ ₹13500(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>132/18.08.2020 ₹1300(വികസന ഫണ്ട് ജനറൽ) |

(1)മേൽ പദ്ധതിയുടെ ഭാഗമായി പ്രൊജക്ടിൽ വകയിരുത്താതെ വികസന ഫണ്ടിൽ നിന്നും 1300 രൂപ IMAGE എന്ന സ്ഥാപനത്തിന്റെ 0236073000050584 എന്ന അക്കൗണ്ട് നമ്പറിലേക്ക് നല്കിയിട്ടുണ്ട് .പ്രൊജക്ടിൽ വകയിരുത്താതെ തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

(2) പദ്ധതിയുടെ ഭാഗമായി അഭിഷേക്.ടി യുടെ 0934053000001875 എന്ന അക്കൗണ്ട് നമ്പറിലേക്ക് 3500 രൂപ നല്കിയത് ഏതാവശ്യത്തിനുവേണ്ടിയാണെന്ന് വ്യക്തമല്ല.

(3) പദ്ധതി ആനുകൂല്യം ലഭിച്ച മുഴുവൻപേരുടെയും അക്കൗണ്ടിലേക്ക് തുക ക്രെഡിറ്റ് ചെയ്തതുമായി ബന്ധപ്പെട്ട വെബ് സാംഖ്യയിൽ നിന്നുള്ള വിതരണ സ്റ്റേറ്റ് മെന്റ് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.
ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 15/2.06.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.പദ്ധതി ചെലവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-46 ഹോമിയോ ഡിസ്പെൻസറിക്ക് കമ്പ്യൂട്ടറും,പ്രിന്ററും വാങ്ങൽ-₹50000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. ചപ്പാരപ്പടവ്. |

| | |
|---|---|
| പ്രൊജക്ട് നം. | 41/21 |
| പ്രൊജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിക്ക് കമ്പ്യൂട്ടറും,പ്രിന്ററും വാങ്ങൽ. |
| അടങ്കൽ | ₹50000(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | ₹50000(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് ബിൽ നം/തീയ്യതി/തുക | ബിൽ നമ്പർ ACR പ്രകാരം 156/3.9.2020/ ₹50000. |

(1) 22.8.2019-ലെ ജി.ഒ(പി)നം.10/2019/എസ്.പി.ഡി ഉത്തരവ് പ്രകാരം സർക്കാർ വകുപ്പുകളും,പൊതുമേഖലാ സ്ഥാപനങ്ങളും,മറ്റ് സ്ഥാപനങ്ങളും,കമ്പ്യൂട്ടറും,അനുബന്ധ ഉപകരണങ്ങളും കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ മുഖേന വാങ്ങേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്.CPRCS വഴി കമ്പ്യൂട്ടറും,അനുബന്ധ ഉപകരണങ്ങളും വാങ്ങിക്കാതെ ക്വട്ടേഷൻ മുഖേന വാങ്ങിച്ചതിന്റെ കാരണം ലഭ്യമാക്കേണ്ടതാണ്.

(2) കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിക്കുന്നതിന് EMEND INNOVATION, Kannur എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ച ഭരണ സമിതി തീരുമാനത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

(3) കമ്പ്യൂട്ടറിന്റെയും, അനുബന്ധ ഉപകരണങ്ങളുടെയും വിശദാംശങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്കായി ഹാജരാക്കേണ്ടതാണ് .

(4) കമ്പ്യൂട്ടറിന്റെയും അനുബന്ധ ഉപകരണങ്ങളുടെയും ഇൻസ്റ്റലേഷൻ സംബന്ധിച്ച വിവരവും,ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്ന് വാങ്ങിച്ച ക്ഷമതാ സർട്ടിഫിക്കറ്റും ഹജരാക്കേണ്ടതാണ്.

മുകളിൽ പരാമർശിച്ച കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.17/2020-21 തീയ്യതി-2.6.2022) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 50000 രൂപ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2020-21 | 27.05.2022, 28.05.2022 | കെ.എസ്.എ/കെ.എൻ.ആർ./സി12/857/2022 തീയതി – 25-06-2022 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 300000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി,35/21 | 300000 | 0 |
| | | 21250 | പച്ചക്കറി വികസന പദ്ധതി,27/21 | 21250 | 0 |
| | | 68000 | നെൽക്കൃഷി വികസന പദ്ധതി,1/21 | 68000 | 0 |
| | | 150000 | കിഴങ്ങു വർഗ്ഗ വിള വികസന പദ്ധതി,11/21 | 150000 | 0 |
| | | 200000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്, 183/21 | 200000 | 0 |
| | | 200000 | ലൈഫ് ഭവന പദ്ധതി എസ് സി -398/21 | 200000 | 0 |
| | | 440000 | ലൈഫ് ഭവന പദ്ധതി എസ് ടി -399/21 | 440000 | 0 |
| | | 183689 | ചപ്പാരപ്പടവ് ബസ് സ്റ്റാൻഡ് ടോയ്ലറ്റ് ബ്ലോക്ക് നിർമ്മാണം, 308/21 | 183689 | 0 |
| | ആകെ | 1562939 | | 1562939 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2020-21 | 376200 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി,247/21 | 376200 | 0 |
| | | 400000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി,35/21 | 400000 | 0 |
| | | 400000 | സാന്ത്വന പരിചരണ പരിപാടി, 60/21 | 400000 | 0 |
| | | 146370 | നെൽക്കൃഷി വികസന പദ്ധതി, 1/21 | 146370 | 0 |
| | | 21250 | പച്ചക്കറി വികസന പദ്ധതി, 27/21 | 21250 | 0 |
| | | 105757 | ശാരീരിക മാനസീക വെല്ലുവിളികൾനേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, | 105757 | 0 |

| | | | | | |
|---|---|---|---|---|---|
| | | | 294/21 | | |
| | | 1120000 | ലൈഫ് ഭവന നിർമ്മാണം-260/21 | 1120000 | 0 |
| | | 299622 | കോട്ടക്കടവ് ചെക്ക്ഡാം നിർമ്മാണം, 312/21 | 299622 | 0 |
| | | 50000 | സുജലം,310/21 | 50000 | 0 |
| | ആകെ | 2919199 | | 2919199 | 0 |

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതമായി വിവിധ വർഷങ്ങളിൽ ലഭിച്ചതും നിലവിൽ വിനിയോഗിക്കാതെ അവശേഷിക്കുന്നതുമായ തുകയുടെ വിശദാംശങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. എ സി ആർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

സംയുക്ത പദ്ധതികൾക്കായി ലഭിക്കുന്ന തുക മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ച് കൊണ്ട് അതാത് സാമ്പത്തിക വർഷം തന്നെ ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് തിരിച്ചടക്കേണ്ടതാണ്.ഓഡിറ്റ് വർഷം ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ ലഭിച്ചതിൽ ബാക്കിയായ 54050 രൂപയും ബ്ലോക്ക് വിഹിതമായി ലഭിച്ച 50104 രൂപയും തിരിച്ചടച്ചിട്ടുണ്ട്.

294/21 നമ്പർ പദ്ധതിക്കായി മുൻവർഷം ലഭിച്ച ബ്ലോക്ക് വിഹിതമായ 200000 രൂപ 2020-21 സാമ്പത്തിക വർഷം ചെലവഴിച്ചത് സുലേഖ ചെലവു പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നമ്പർ | തുക | ചെല വഴിച്ച തുക | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ കുഴൽക്കിണർ നിർമ്മാണം, 237/21 | 22000337/12.05.20 | 76000 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. |
| കെ.എസ്. ഇ.ബി | പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ തെരുവുവിള ക്കിനായി സ്ട്രീറ്റ്മെയിൻ വലിക്കൽ, 376/21 | 220001263/22.03.21 | 1766342 | 1873722 | 2021-22 സാമ്പത്തിക വർഷം വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. |
| | | 220001264/22.03.21 | 107380 | | |
| കെ.എസ്. ഇ.ബി | ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ, 390/21 | 22000973/16.01.21 | 6832 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. |
| | | 22001371/30.03.21 | 66729 | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-5 വായ്പ , വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് വായ്പ ഇനത്തിൽ 11,60,000രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുകയുടേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്, ഉദ്ദേശ്യം | സർക്കാർ ഉത്തരവ് നം. തീയതി | നാളിതു വരെ എടുത്ത വായ്പ | വർഷാരംഭ ത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായി രുന്ന തുക | തൻ വർഷം എടുത്ത വായ്പ | ആകെ വായ്പ | ഓഡിറ്റ് വർഷം തിരി ച്ചടച്ച വായ്പ | ഓഡിറ്റ് വർഷം ഒടുക്കിയ പലിശ | വർഷാ വസാനം തിരിച്ചട ക്കാൻ ബാക്കി യുള്ള വായ്പ തുക |
|---|---|---|---|---|---|---|---|---|
| കെ.യു.ആർ. ഡി.എഫ്.സി ലോൺ | ജി.ഒ (എം.എസ്) നം.124/ 2018/ എൽ എസ് ജി ഡി തീയതി 11-09-2018 | 1,13,10,000 (1,01,50,000 + 1160000) | 9532353 (മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള തുക) | 1160000 | 10692353 | 1024940 | 0 | 9667413(*) |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | |

2019-20 സാമ്പത്തിക വർഷം തന്നെ അടച്ച് തീർത്തിട്ടുള്ള ഇഎം എസ് ഭവനപദ്ധതി ലോൺ ഇനത്തിൽ 379925 രൂപ തിരിച്ചടക്കാൻ ബാക്കിയുള്ളതായി വാർഷിക ധനകാര്യ പത്രികയിൽ (ബി 5 ഷെഡ്യൂൾ) രേഖപ്പെടുത്തിയിട്ടുണ്ട്. അപാകം പരിഹരിക്കേണ്ടതാണ്.

(*) ലോൺ രജിസ്റ്റർ, വാർഷിക ധനകാര്യ പത്രിക (ബി 5 ഷെഡ്യൂൾ) എന്നിവ പ്രകാരം കെ.യു.ആർ.ഡി.എഫ്.സി ലോൺ ഇനത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുക 89,80,999/- രൂപയാണ്. ഇവ തമ്മിൽ 686414 രൂപയുടെ വ്യത്യാസമുണ്ട്. കൃത്യമായ കണക്കുകൾ ലഭ്യമാക്കേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഗ്രാമപഞ്ചായത്തിന് താഴെ പറയും പ്രകാരം 11246531 രൂപയുടെ സ്ഥിരനിക്ഷേപമുണ്ട്.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10412500 |
| തൻവർഷം നിക്ഷേപിച്ച തുക | 834031* |
| ആകെ | 11246531 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 11246531 |

(*) പലിശ

വർഷാവസാനം അവശേഷിക്കുന്ന നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം. | നിക്ഷേപത്തിന്റെ വിവരം | തുക | കാലാവധി തീയതി | റിമാർക്സ് |
|---|---|---|---|---|
| 1 | നം.7261/29-04-2019 (W.e.f 16-04-2019) കുവേരി സർവീസ് സഹകരണബാങ്ക് ലി.നം.സി 65 | 58,59,031 | 16-04-2021 | പലിശനിരക്ക് 6.75%,കാലാവധി തീയതി 16-04-2022 |
| 2 | " 005001000822/01-01-2020 | 53,87,500 | 01-01-2022 | പലിശനിരക്ക് 7.25% |
| | ആകെ | ₹11246531 | | |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല. ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3.13.2 | 1999-2000 | 11 | ഓട്ടോറിക്ഷ വാങ്ങൽ | പരാമർശം നിലനിൽക്കുന്നു. |
| ----ടി---- | 3.13.3 | ----ടി---- | 16 | കൺവീനർമാരുടെ കമ്മീഷൻ | ------ടി------ |
| 2004-05 | | 2001-02 | 8 | മരാമത്ത് പണി-രേഖയില്ലാത്ത ചെലവ് | ------ടി------ |
| 2005-06 | 2.90.1 | 2000-01 | 3-6 | മുൻകൂർ കൈപ്പറ്റി-പദ്ധതി നടപ്പിലാക്കിയില്ല | ------ടി------ |
| ---ടി--- | 2.90.2 | 1999-2000 | 3-4 | കലുങ്ക് പണി -കൺവീനർക്ക് അധികം തുക | ------ടി------ |
| | | 2011-12 | 2-1 | ഗ്രാമസഭ-പൊതു അവലോകനം | ------ടി------ |
| 2016-17 | 2 | 2014-15, 2015-16 | 2-1 2-2 | തൊഴിൽനികുതി-പരാമർശങ്ങൾ | ------ടി------ |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 120149125 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 133984813 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹4718913 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1- 19 | 303635 | ശ്രീ.പ്രകാശൻ എ .വി,സെക്രട്ടറി, |
| 1-21 | 2227658 | ശ്രീമതി.ഹസീന വി, ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-25 | 2368 | ശ്രീ രാജസുന്ദരൻ പി , അസിസ്റ്റന്റ് സെക്രട്ടറി |
| 1-26 | 400000 | ശ്രീ രാജസുന്ദരൻ പി , അസിസ്റ്റന്റ് സെക്രട്ടറി |
| 1-27 | 70030. | ശ്രീ രാജസുന്ദരൻ പി , അസിസ്റ്റന്റ് സെക്രട്ടറി |
| 1-30 | 300000 | ശ്രീ രാജസുന്ദരൻ പി , അസിസ്റ്റന്റ് സെക്രട്ടറി |
| 1-31 | 75000 | ശ്രീമതി മംഗള കെ എൽ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-32 | 75000. | ശ്രീമതി മംഗള കെ എൽ, അസിസ്റ്റന്റ് സെക്രട്ടറി |

| | | |
|---|---|---|
| 1-34 | 200000 | ഡോ.അരുൺ ശങ്കർ യു, മെഡിക്കൽ ഓഫീസർ , പി എച്ച് സി |
| 1-36 | 5575 | ശ്രീമതി.നിമിഷ വി പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-41 | 222307 | ഡോ.അരുൺ ശങ്കർ യു, മെഡിക്കൽ ഓഫീസർ , പി എച്ച് സി |
| 1-42 | 54540 | ഡോ.അരുൺ ശങ്കർ യു, മെഡിക്കൽ ഓഫീസർ , പി എച്ച് സി |
| 1-43 | 600000 | ഡോ.അരുൺ ശങ്കർ യു, മെഡിക്കൽ ഓഫീസർ , പി എച്ച് സി |
| 1-44 | 132800 | ഡോ.അരുൺ ശങ്കർ യു, മെഡിക്കൽ ഓഫീസർ , പി എച്ച് സി |
| 1-46 | 50000 | ഡോ.അരുൺ ശങ്കർ യു, മെഡിക്കൽ ഓഫീസർ , പി എച്ച് സി |
| ആകെ | ₹4718913 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-21

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പ്രകാശൻ.എ.വി, സെക്രട്ടറി, | വിരമിച്ചു | അളോറ വീട്ടിൽ, നടുവിൽ(പി.ഒ), നടുവിൽ,കണ്ണൂർ (ജില്ല) |
| ശ്രീമതി.ഹസീന വി, ഐ സി ഡി എസ് സൂപ്പർവൈസർ | ഐസിഡിഎസ് ഓഫീസ് , ആലക്കോട് | വലിയകത്ത്, ആർട്സ് കോളേജ്(പി.ഒ), കോഴിക്കോട്-670142 |
| ശ്രീ രാജസുന്ദരൻ പി , അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത് | പനങ്കാവിൽ വീട്, ഇരിണാവ് പി ഒ,കണ്ണൂർ ജില്ല |
| ശ്രീമതി മംഗള കെ എൽ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,കടപ്പുറം ഗ്രാമപഞ്ചായത്ത് | കടയന്മാർ വീട്,ഏങ്ങണ്ടിയൂർ പി ഒ, തൃശ്ശൂർ ജില്ല |
| ഡോ.അരുൺ ശങ്കർ യു, മെഡിക്കൽ ഓഫീസർ , പി എച്ച് സി | മെഡിക്കൽ ഓഫീസർ , പി എച്ച് സി, ചപ്പാരപ്പടവ് | മുണ്ടിയാനിക്കൽ വീട്, കാഞ്ഞിരങ്ങാട് പി ഒ, കണ്ണൂർ ജില്ല- 670142 |
| ശ്രീമതി.നിമിഷ വി പി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, മാട്ടൂൽ ഗ്രാമപഞ്ചായത്ത് | വലിയപുരയിൽ , പഴശ്ശി പിഒ, പാവന്നൂർ മൊട്ട, മയ്യിൽ , കണ്ണൂർ ജില്ല 670151 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരങ്ങൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1999-2000<br>(പദ്ധതിവിഹിതം) | കെ എസ് എ /കെ എൻ ആർ/സി 13-756/19 തീയതി 14.06.19 | 1 |
| 1999-2000 | -----ടി---- | 1 |
| 2000-01 | -----ടി---- | 1 |
| 2002-03 | -----ടി---- | 1 |
| 2009-10,<br>2010-11 | -----ടി---- | 3 |
| 2011-12<br>2012-13 | -----ടി---- | 7 |
| 2013-14<br>2014-15 | -----ടി---- | 11 |
| 2015-16 | -----ടി---- | 11 |
| 2016-17 | -----ടി---- | 9 |
| 2017-18 | കെ എസ് എ /കെ എൻ ആർ/സി 13-992/18 തീയതി 05.07.19 | 21 |
| 2018-19 | കെ എസ് എ /കെ എൻ ആർ/സി 13-34/21 തീയതി 04-02-21 | 7 |
| 2019-20 | കെ എസ് എ /കെ എൻ ആർ/സി 13/619/2021 തീയതി 30-06-21 | 25 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## ധനകാര്യ പത്രികകൾ

ധനകാര്യ പത്രികകൾ

1.റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| Chapparapadavu Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 37349600.00 |
| Cash | Cash | RP-40(a) | 3195.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1208180.00 |
| 130000000 | Rental income from Panchayat Properties | RP-3 | 2500.00 |
| 140000000 | Fees & User Charges | RP-4 | 997222.00 |
| 150000000 | Sale & Hire Charges | RP-5 | 226091.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 103279018.00 |
| 171000000 | Interest Earned | RP-9 | 375068.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7167276.00 |
| 350000000 | Other Liabilities | RP-36 | 581748.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 0.0 |
| 311000000 | Earmarked Funds | RP-29 | 3761.00 |
| 330000000 | Secured Loans | RP-32 | 1160000.00 |

| | | | |
|---|---|---|---|
| 340000000 | Deposits Received | RP-34 | 308855.00 |
| 350000000 | Other Liabilities | RP-36 | 265730.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4573676.00 |
| | Grand total | | 157501920.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4077553.00 |
| 220000000 | Administrative Expenses | RP-12 | 1436017.00 |
| 230000000 | Operations & Maintenance | RP-13 | 1696381.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 6366196.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 24688680.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 7584682.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 3644489.00 |
| 254000000 | Expenditures of Transferred institutions and State Sponsored schemes | RP-19 | 654800.00 |
| 255000000 | Maintenance Projects | RP-20 | 17810873.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 10000.00 |
| 280000000 | Prior Period item | RP-26 | 75790.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 106390.00 |

| | | | |
|---|---|---|---|
| 340000000 | Deposits Received | RP-34 | 0.0 |
| 350000000 | Other Liabilities | RP-36 | 4485708.00 |
| | Non Operating | | |
| 280000000 | Prior Period Item | RP-26 | -67820.00 |
| 312000000 | Reserves | RP-30 | 0.0 |
| 340000000 | Deposits Received | RP-34 | 275750.00 |
| 350000000 | Other Liabilities | RP-36 | 1790935.00 |
| 410000000 | Fixed Assets | RP-38 | 8769966.00 |
| 412000000 | Capital work in Progress | RP-40 | 30537114.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 17582435.00 |
| 460000000 | Loans, Advances and Deposits | RP-47 | 2458874.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 23454469.00 |
| Cash | Cash | RP-40(b) | 62638.00 |
| | Grand Total | | 157501920.00 |

ഡെപ്യൂട്ടി ഡയറക്ടർ

2.ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Chapparapadavu Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5928029.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 223050.00 |
| 140000000 | Fee & User Charges | I-4(b) | 1367222.00 |

| | | | |
|---|---|---|---|
| 150000000 | Sale & Hire Charges | I-5(b) | 226091.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 219921209.00 |
| 170000000 | Income from Investments | I-7 | 834031.00 |
| 171000000 | Interest Earned | I-8 | 375068.00 |
| 180000000 | Other Income | I-9 | 0.0 |
| | Total Income | | 228874700.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10531061.00 |
| 220000000 | Administrative Expenses | I-11(b) | 1436017.00 |
| 230000000 | Operations & Maintenance | I-12(b) | 1696381.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6863515.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 67094066.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 7087363.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 3644489.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 70445300.00 |
| 255000000 | Maintenance Projects | I-14(e) | 17810873.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 10000.00 |
| 270000000 | Provisions and Write off | I-16 | 1975.00 |
| 272000000 | Depreciation | I-17(a) | 10870674.00 |

| | | | |
|---|---|---|---|
| | Total Expenditure | | 197491714.00 |
| | Gross Surplus/ Deficit of income over Expenditure | | 31382986.00 |
| 280000000 | Prior Period Item | I-18 | 1404366.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 29978620.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

ഡെപ്യൂട്ടി ഡയറക്ടർ

3.ബാലൻസ് ഷീറ്റ്

| Chapparapadavu GramaPanchayat BALANCE SHEET<br>As on 31-March-2021 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 60991641.35 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 13753.00 |
| 312000000 | Reserves | B-3 | 70951564.00 |
| | Total Reserve & Surplus | | 131956958.35 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 6818031.00 |
| | Total Grants, Contributions for Specific Purposes | | 6818031.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 9360924.00 |
| | Total Loans | | 9360924.00 |

| | | | |
|---|---|---|---|
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1710146.00 |
| 350000000 | Other Liabilities | B-9 | 1097667.50 |
| | Total Current Liabilities and Provisions | | 2807813.50 |
| | TOTAL LIABILITIES | | 150943726.85 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 140949727.00 |
| 411000000 | Accumulated Depreciation | B-11 | -63702834.00 |
| 412000000 | Capital Work in Progress | B-11(a) | 18681793.00 |
| | Total Fixed Assets | | 95928686.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 11246531.00 |
| | Total Investments | | 11246531.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 18174034.85 |
| 440000000 | Pre-paid Expenses | B-16 | 379925.00 |
| 450000000 | Cash and Bank Balance | B-17 | 23517107.00 |
| 460000000 | Loans, Advances and Deposits | B-18 | 1697443.00 |
| | Total Current Assets, Loans and Advances | | 43768509.85 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 150943726.85 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ